بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ
വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 8

ലക്കം 22

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂൺ 1/ ഹി.ശം 1402 ഇഹ്സാൻ 1/ ഹി:ഖ 1444 ശവ്വാൽ 27 ദുൽഖഅ്ദ് 11

## അല്ലാഹുവിന്റെ വചനം

وَاعۡلَمُوۡۤا اَنَّمَاۤ اَمۡوَالُکُمۡ
وَاَوۡلَادُکُمۡ فِتۡنَۃٌ ۙ
وَّاَنَّ اللّٰہَ عِنۡدَہٗۤ اَجۡرٌ عَظِیۡمٌ

‘നിങ്ങൾ അറിഞ്ഞുകൊള്ളുക. തീർച്ചയായും നിങ്ങളുടെ സമ്പത്തും സന്തതികളും പരീക്ഷണോപാധികൾ മാത്രമാണ്; അല്ലാഹുവിന്റെ പക്കൽത്തന്നെയാണ് മഹത്തായ പ്രതിഫലമുള്ളത്.” (8:29)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

**എത്രമാത്രം കൂടുതൽ ധനമുള്ളവരാണോ അത്രമാത്രം അധികം അവർ ആവശ്യക്കാരുമാണ്; പക്ഷേ, ധനംകൊണ്ട് ഇങ്ങനേയും ഇങ്ങനേയും ഇങ്ങനേയും ചെലവു ചെയ്തവർ ഒഴികെ.**

(2388) ഹദ്റത്ത് അബൂദർറ്(റ) നിവേദനം. ഞാൻ നബി(സ)തിരുമേനിയോടൊപ്പം യാത്ര ചെയ്യുകയായിരുന്നു. നബി(സ)തിരുമേനി ഉഹ്ദ് മല കണ്ടപ്പോൾ പറഞ്ഞു: ഉഹ്ദ് മല എന്റെ മുമ്പിൽ സ്വർണ്ണമായി മാറി എന്നു വിചാരിക്കുക. എങ്കിൽപ്പോലും ഒരു ദീനാറെങ്കിലും മൂന്നു ദിവസത്തിൽ കൂടുതൽ എന്റെയടുക്കലിരിക്കുവാൻ ഞാനിഷ്ടപ്പെടുകയില്ല. വേണ്ടിവന്നാൽ കടം വീട്ടാൻ ഒരു ദീനാറുമാത്രം ഞാൻ സൂക്ഷിച്ചുവെക്കും. പിന്നീട് അവിടന്ന് പറഞ്ഞു: എത്രമാത്രം കൂടുതൽ ധനമുള്ളവരാണോ അത്രമാത്രം അധികം അവർ ആവശ്യക്കാരുമാണ്; പക്ഷേ, ധനംകൊണ്ട് ഇങ്ങനേയും ഇങ്ങനേയും ഇങ്ങനേയും ചെലവു ചെയ്തവർ ഒഴികെ.

**ഇന്നൽ അക്ഥരീന ഹുമുൽ അഖല്ലൂന** ഹദ്റത്ത് സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു:ഈ വാക്യം സകലതുമടങ്ങിയ വാചകത്തിൽപ്പെട്ടതാണ്. അതിന്റെ അർഥം ഇതാണ്, സമ്പന്നത പണം സ്വരുക്കുട്ടുന്നതിലല്ല. പ്രത്യുത ഭൂരിഭാഗം സമ്പന്നരും ഉൽകൃഷ്ടമായ സ്വഭാവങ്ങളിൽനിന്ന് പിന്തള്ളപ്പെട്ടിരിക്കുന്ന കാരണത്താൽ ദരിദ്രരാണ്. സമ്പന്നത പണം സ്വരുക്കൂട്ടിവെക്കുന്നതിലല്ല. മറിച്ച് ഇടത്തും വലത്തും ചെലവഴിക്കുന്നതിലാണ്. അതായത് ദീനീപരവും ദുൻയാവുപരവുമായുള്ള ആവശ്യങ്ങളിൽ ചെലവഴിക്കുന്നതിലൂടെ സമ്പത്തിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നു. പണം സ്വരുക്കൂട്ടിവെക്കുകയും കടമകൾ നിറവേറ്റുന്നതിൽ ചെലവഴിക്കാതിരിക്കകയും ചെയ്യുന്നവനാണ് ഏറ്റവും വലിയ നിർധനൻ. എന്നാൽ, ആരാണോ തന്റെ ധനം കൊണ്ട് കടമകൾ നിറവേറ്റിയത് അവനാണ് സമ്പന്നൻ. അതായത് അവൻ സമ്പത്തിന്റെ യഥാർഥ ഉദ്ദേശ്യം കരസ്ഥമാക്കി. നബി(സ) തിരുമേനിയുടെ സമ്പത്തിനെ സംബന്ധിച്ച ഈ വീക്ഷണം അങ്ങേയറ്റം യുക്തിപരമാണ്. (സ്വഹീഹുൽബുഖാരി, വാല്യം 4, കിതാബുൽ ഇസ്തിഖറാള്, പ്രസാധനം 2008 ഖാദിയാൻ)

ജുമുഅ ഖുത്വ്ബ 2023 ഏപ്രിൽ 21 (സമ്പൂർണ തർജമ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

## ഐക്യമില്ലാതെ ഭിന്നിപ്പിലാണെങ്കിൽ നിർഭാഗ്യരായിപ്പോകും. ഒന്ന് അല്ലാഹുവിന്റെ ഏകത്വം സ്വീകരിക്കുക. രണ്ട് പരസ്പരം സ്നേഹവും ദയാവായ്പും പ്രകടിപ്പിക്കുക.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ജമാഅത്തിന്റെ പരസ്പരമുള്ള ഐക്യം സ്നേഹത്തിന്മേലാണ്. നിങ്ങൾ പരസ്പരം ഐക്യത്തിൽ കഴിയാനും സംഘടിക്കാനും ഞാൻ മുമ്പേ പല പ്രാവശ്യവും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അല്ലാഹു മുസ്‌ലിമീങ്ങൾക്ക് നല്കിയ അധ്യാപനം നിങ്ങൾ ഏകതയിൽ നിലകൊള്ളുക, ഇല്ലെങ്കിൽ കാറ്റ് അടിച്ചുകൊണ്ടുപോകുമെന്നതായിരുന്നു. നമസ്കാരത്തിൽ പരസ്പരം ചേർന്നു നില്ക്കാനുള്ള കൽപന പരസ്പരം ഐക്യം നിലനിറുത്താനാണുള്ളതാണ്. മിന്നൽശക്തിപോലെ ഒരാളുടെ നന്മ മറ്റൊരുവനിൽ പ്രവഹിക്കുന്നതായിരിക്കും. ഐക്യമില്ലാതെ ഭിന്നിപ്പിലാണെങ്കിൽ നിർഭാഗ്യരായിപ്പോകും. നബി(സ)തിരുമേനി പറഞ്ഞു:പരസ്പരം സ്നേഹിക്കുക. അദൃശ്യപരമായി പരസ്പരം ദുആ ചെയ്യുക. ഒരാൾ അദൃശ്യപരമായി ദുആ ചെയ്യുകയാണെങ്കിൽ നിനക്കും അങ്ങനെതന്നെ ഉണ്ടാകട്ടെ എന്ന് മലക്കുകൾ ദുആ ചെയ്യുന്നതാണ്. എത്രമാത്രം ഉന്നതപരമായ കാര്യമാണ്. മനുഷ്യന്റെ ദുആ സ്വീകരിക്കുന്നില്ലെങ്കിൽ മലക്കുകളുടെ ദുആ എന്തായാലും സ്വീകരിക്കുന്നതാണ്. ഞാൻ ഉപദേശിക്കുകയാണ്. പരസ്പരം ഭിന്നിക്കരുതെന്ന് പറയാനാഗ്രഹിക്കുകയാണ്.

ഞാൻ രണ്ടു കാര്യങ്ങളുമായാണ് വന്നിട്ടുള്ളത്, ഒന്ന് അല്ലാഹുവിന്റെ ഏകത്വം സ്വീകരിക്കുക. രണ്ട് പരസ്പരം സ്നേഹവും ദയാവായ്പും പ്രകടിപ്പിക്കുക. മറ്റുള്ളവർക്ക് കറാമത്തായിരിക്കുന്ന മാതൃക കാണിക്കുക. ഈ തെളിവായിരുന്നു സ്വഹാബത്തിൽ ഉണ്ടായിരുന്നത്. **കുൻതും അഅ്ദാഅൻ ഫഅല്ലഫ ബയ്ന ഖുലൂബിക്കും**(3:104). ഓർമിക്കുക! ഇണക്കമുണ്ടാക്കൽ ഒരു ദിവ്യാത്ഭുതമാകുന്നു. ഓർമിക്കുക! നിങ്ങളിൽ എല്ലാ ഓരോരുത്തരും ഇങ്ങനെ ആകാത്തിടത്തോളം, അതായത് താനിഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടാത്തിടത്തോളം അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. അവൻ മുസ്വീബത്തിലും ബലായിലുമാണുള്ളത്. അവന്റെ പര്യവസാനം നല്ലതായിരിക്കുകയില്ല.”(മൽഫൂദാത്ത്, വാല്യം 1, പേജ് 457, പ്രസാധനം 2018 ഖാദിയാൻ)

## എല്ലാ വ്യക്തികളുടേയും സമ്പത്തിൽ ബന്ധുക്കൾ, അശരണർ, യാത്രക്കാർ തുടങ്ങിയവർക്ക് അവകാശമുണ്ടെന്നാണ് പറയപ്പെട്ടിരിക്കുന്നത്.

### ആരുടേയും ധനം അവനുമാത്രമുള്ള ധനമല്ല പ്രത്യുത അതിൽ മറ്റുള്ളവരുടെ അവകാശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ബനീ ഇസ്റായീലിലെ 27-മത്തെ വചനമായ **വ ആത്തിദൽ ഖുർബാ ഹഖ്ഖഹൂ വൽമിസ്ക്കീന വബ്നസ്സബീലി വലാ തുബദ്ദിർ തദ്ബീറാ** എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

ഈ ആയത്തിൽ എല്ലാ വ്യക്തികളുടേയും സമ്പത്തിൽ ബന്ധുക്കൾ, അശരണർ, യാത്രക്കാർ തുടങ്ങിയവർക്ക് അവകാശമുണ്ടെന്നാണ് പറയപ്പെട്ടിരിക്കുന്നത്. ബന്ധുക്കൾ മനുഷ്യരുടെ സമ്പാദ്യത്തിൽ പല രീതിയിലും സഹായത്തിന് നിമിത്തമാകാറുണ്ട്. അതുകൊണ്ട് ആ വ്യക്തിയുടെ ധനത്തിൽ അവർർക്കെല്ലാവർക്കും അവകാശമുണ്ട്. ഉദാഹരണത്തിന് മാതാപിതാക്കൾ ഒരു മകനെ പഠിപ്പിച്ചു. നല്ലൊരു ഉദ്യോഗത്തിലെത്തി. മറ്റുള്ള സഹോദരങ്ങൾ വിദ്യാഭ്യാസത്തിൽ പിന്നിലായിപ്പോയി. അപ്പോൾ ആ ഉദ്യോഗസ്ഥനായ സഹോദരന്റെ സ്വത്തിൽ മറ്റു സഹോദരങ്ങൾക്കും അവകാശമുണ്ട്. കാരണം ഏതൊരു പണംകൊണ്ടാണോ അയാൾക്ക് വിദ്യാഭ്യാസം നല്കപ്പെട്ടത് അതിൽ അവരുടേയും അവകാശമുണ്ടായിരുന്നു.

അശരണർക്കും യാത്രക്കാർക്കും അല്ലാഹു അവകാശം നിശ്ചയിച്ചു. മറ്റൊരിടത്ത് തുറന്നു പറയുകയും ചെയ്തു: **വഫീ അംവാലിഹിം ഹഖ്ഖുൻല്ലിസ്സാഇലി വൽമഹ്റൂമി** മനുഷ്യരുടെ ധനത്തിൽ ചോദിക്കുന്നവർക്കും (ചോദിക്കാൻ) കഴിവില്ലാത്തവർക്കും അവകാശമുണ്ട്.(51:20). അശരണർക്ക് അവകാശമുണ്ടെന്ന് പറയാൻ ഒരു കാരണം ലോകത്ത് സമ്പന്നരും ദരിദ്രരും മാറിമാറി വരുന്നു. എപ്പോഴോ അമീറായിരുന്നവൻ ഇന്ന് ദരിദ്രനാണ്. ഇന്ന് അമീറായിട്ടുള്ളവൻ ഒരുകാലത്ത് ദരിദ്രനായിരുന്നു. അക്കാലത്ത് സമ്പന്നരായിരുന്നവർ അയാളോടു നല്ലനിലയിൽ പെരുമാറിയിരുന്നു. മുഴുവൻ ലോകത്തേയും മൊത്തത്തിലുള്ള ദൃഷ്ടികൊണ്ട് നോക്കുകയാണെങ്കിൽ ആരുടേയും ധനം അവനുമാത്രമുള്ള ധനമല്ല പ്രത്യുത അതിൽ മറ്റുള്ളവരുടെ അവകാശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ രണ്ടാമത്തെ കാരണം ഇതാണ്:ലോകത്തിലെ സകല വസ്തുക്കളും അല്ലാഹു മനുഷ്യകുലത്തിനുവേണ്ടി ഒരു ജമാഅത്ത് എന്ന നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. സയ്ദിനോ ബക്റിനോ വേണ്ടിയല്ല. ഇന്ന് സയ്ദോ ബക്റോ ഏതെങ്കിലും കാരണത്താൽ സമ്പന്നനായിട്ടുണ്ടെങ്കിൽ അതുകൊണ്ട് ആ മറ്റുള്ളവരുടെ അവകാശം ഇല്ലാതാകുകയില്ല. അവർ ലോകത്തിലെ വസ്തുക്കളുടെ ഉടമസ്ഥതയിൽ സയ്ദിനോടും ബക്റിനോടുമൊപ്പം തുല്യമായ പങ്കാളിയാണ്. പ്രത്യേകമായ അധ്വാനം കൊണ്ട് സയ്ദിന്റെയും ബക്റിന്റെയും കുടുതൽ അവകാശം ഇസ്‌ലാം അംഗീകരിക്കുന്നു എന്നതിൽ സംശയമില്ല. പക്ഷേ, അവരെ ഉടമസ്ഥനല്ലാത്ത കാരണത്താൽ അന്യരായി അംഗീകരിക്കുന്നില്ല.

യാത്രക്കാരുടെ അവകാശവും ഇപ്രകാരം അതായത് ഇവർ മറ്റു സ്ഥലത്തേക്ക് പോകുമ്പോൾ അവർ അവനോടു നല്ലരീതിയിൽ പെരുമാറുന്നു. അതിനാൽ മറ്റു സ്ഥലത്തെ യാത്രക്കാരെ സേവിക്കുക

(ശേഷം പേജ് 11 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**“യഥാർഥ തഖ്‌വായോടൊപ്പം അനിസ്‌ലാമികത്വം ചേരുകയില്ല.” (ഹദ്റത്ത് മസീഹ് മൗഊദ്[അ])**

അല്ലാഹു നമ്മുടെ ദൗർബല്യങ്ങളെ അവഗണിച്ചുകൊണ്ട്, നമ്മളിൽ കരുണ ചെയ്തുകൊണ്ട് നമ്മൾ നമ്മുടെ ജീവിതം സ്ഥിരമായി അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്ന മാർഗത്തിൽ കഴിക്കുന്നവരാകാൻ തൗഫീഖ് കിട്ടുന്നതിന് ദുആ ചെയ്യേണ്ടതാണ്.

**യഥാർഥ കാര്യം തഖ്‌വായാണ്. പതിവായി അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. അല്ലാഹുവിനോടുള്ള ഭയവും അവന്റെ തൃപ്തിയും കരസ്ഥമാക്കുക എന്നതാണ്.**

നമ്മൾ സ്വയമേവ നമ്മുടെ ജീവിതങ്ങളെ തഖ്‌വയിലൂടെ നടത്തുന്നതിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും കഴിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മൾ നമ്മുടെ കുട്ടികളുടേയും നമ്മുടെ തലമുറകളുടേയും മുമ്പിലും ആ മാതൃക അവരിപ്പിക്കുന്നവരായിരിക്കും. ഇവ മുഖേന നന്മകളുടെ ഉണർവ് ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് പിടിച്ചുകൊണ്ടുപോകുന്നതായിരിക്കും.

**റമളാൻ മാസത്തിൽ തഖ്‌വായുടെ നിലവാരങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹു ഒരു ശിക്ഷണപരമായ ചുറ്റുപാടും ഏർപാടും നമുക്കു ലഭ്യമാക്കിയിരിക്കുന്നു. ഓരോ റമളാനുശേഷവും നമ്മൾ തഖ്‌വായുടെ അടുത്തതും ഉന്നതവുമായ നിലവാരങ്ങൾ കരസ്ഥമാക്കിക്കൊണ്ടുപോകുന്നതിനാണിത്. അല്ലാതെ റമളാനുശേഷം നമ്മൾ തിരിച്ച് താഴെ തട്ടിലേക്ക് പോകുന്നതിനല്ല.**

എപ്പോഴും നമ്മൾ ഓർക്കേണ്ടതാണ്. ഇക്കാലം പ്രത്യേകിച്ചും ശയ്ത്വാന്റെ ആക്രമണത്തിന്റെ കാലമാണ്. തന്റെ എല്ലാവിധ തന്ത്രങ്ങളോടും ചതികളോടും ആയുധങ്ങളോടുംകൂടി ശയ്ത്വാൻ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. മുമ്പേയൊരിക്കലും കണ്ടിട്ടില്ലാത്ത ഭയാനകമായ ആക്രമണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം അവസ്ഥയിൽ അല്ലാഹുവിലേക്ക് പ്രത്യേകമായ നിലയിൽ കുനിയേണ്ടുന്ന ആവശ്യമുണ്ട്.

എല്ലാ പ്രയാസങ്ങളിൽനിന്നും എല്ലാ ബലാകളിൽനിന്നും മുസീബത്തുകളിൽനിന്നും രക്ഷപ്പെടുന്നതിനുള്ള കുറിപ്പടി, തന്റെ അധ്യാപനമനുസരിച്ച് ആത്മാർഥതയോടുകൂടി അല്ലാഹുവിന്റെ അഭയത്തിൽ വരാൻ ശ്രമിക്കുക എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോടു പറഞ്ഞത്. എന്നിട്ട് നോക്കുക, അല്ലാഹു എങ്ങനെയാണ് നമ്മെ ശയ്ത്വാനിന്റേയും ദജ്ജാലിന്റേയും ആക്രമണങ്ങളിൽനിന്ന് രക്ഷിക്കുന്നതെന്ന്!

**“ദുആയിൽ ഒരു കാന്തികശക്തിയുണ്ട്. അത് സമൃദ്ധിയേയും കൃപദാനത്തേയും തന്നിലേക്ക് വലിക്കുന്നു.” (ഹദ്റത്ത് മസീഹ് മൗഊദ്[അ])**

**“ഓർമിച്ചുകൊള്ളുക! നമസ്കാരം എങ്ങനെയുള്ള കാര്യമാണെന്നാൽ, അതുമുഖേന ദുൻയാവും ഭംഗിയുള്ളതാകുന്നു; ദീനും ഭംഗിയുള്ളതാകുന്നു.”(ഹദ്റത്ത് മസീഹ് മൗഊദ്[അ])**

നമ്മൾ നമ്മുടെ യിബാദത്തുകളുടെ നിലവാരം ഉയർത്തിക്കൊണ്ട്, നമ്മുടെ അവസ്ഥകൾ ശരിയാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതിന്റെ കടമനിറവേറ്റുന്നവരിൽ ചേരുകയാണെങ്കിൽ ഇതായിരിക്കും നമ്മുടെ സൗഭാഗ്യം.

**“നിങ്ങളുടെ പകലും നിങ്ങളുടെ രാത്രിയും എന്നല്ല ഒരു നിമിഷവും ദുആകളിൽനിന്ന് ശൂന്യമാകാൻ പാടില്ല.” (ഹദ്റത്ത് മസീഹ് മൗഊദ്[അ])**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാനനിർഭരമായ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ തഖ്‌വായുടെ വിശദീകരണവും അതു കരസ്ഥമാക്കുന്നതിനുള്ള ഉപദേശവും.

**മൂന്നു ദിവസത്തിന്റേയോ നാലു ദിവസത്തിന്റേയോ അല്ലെങ്കിൽ ഒരാഴ്ചയുടേയോ ദുആകളല്ല. സ്ഥായിയായി ദുആകൾ ചെയ്യുക.**

ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിനും ലോകത്തിന്റെ മൊത്തത്തിലുള്ള അവസ്ഥയ്ക്കും ഫലസ്തീൻ മുസ്‌ലിമീങ്ങൾക്കുംവേണ്ടി അനുഗൃഹീത റമളാനിൽ ദുആയ്ക്കുള്ള ആഹ്വാനം.

**(പാക്കിസ്താനിലേയും ലോകം മുഴുവനുമുള്ള അഹ്‌മദികൾക്കുവേണ്ടിയും ദുആ ചെയ്യാൻ ഉപദേശം)**

**ഖുത്ബ ജുമുഅ 2023 ഏപ്രിൽ 21/1402 ശഹാദത്ത് 21**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് റമളാനിലെ അവസാനത്തെ ജുമുഅ ആകുന്നു. റമളാൻ കഴിഞ്ഞു. റമളാനിൽ ആരാധനാ കർമങ്ങൾ നടത്താനും തങ്ങളുടെ ഉള്ളിൽ പ്രത്യേകമായ മാറ്റങ്ങളുണ്ടാക്കാനും പദ്ധതിയിട്ടുണ്ടായിരുന്ന ധാരാളമാളുകളുണ്ടാകും. പക്ഷേ, അവർ ചിന്തിച്ചിരുന്നതുപോലെ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടാകുകയില്ല. ഒരുപാടാളുകൾ ഇപ്രകാരം എനിക്ക് കത്തെഴുതുന്നു. ഇന്ന് റമളാനിന്റെ അവസാന ദിവസവും കുറച്ചു മണിക്കൂറുകൾക്കുള്ളിൽ അവസാനിക്കാൻ പോകുകയാണ്. ജുമുഅ ദിവസം എന്നു പറയുന്നത് ദുആ സ്വീകാര്യതയുടെ ചില പ്രത്യേക നിമിഷങ്ങളുള്ള അനുഗൃഹീത ദിവസവുമാണ്.(സ്വഹീഹുൽ ബുഖാരി, കിതാബുൽ ജുമുഅ, ബാബു അസ്സാഅത്തുല്ലത്തീ ഫീ യൗമിൽ ജുമുഅത്തി, ഹദീഥ് 935)

അതുകൊണ്ട് റമളാനിന്റെ ദിനങ്ങൾ ഇങ്ങനെ നമ്മുടെ ആഗ്രഹംപോലെ കടന്നുകഴിഞ്ഞിട്ടില്ലെങ്കിൽത്തന്നെയും അല്ലെങ്കിൽ ഒരു മുഅ്മിന് കഴിഞ്ഞുപോകേണ്ടതുപോലെ കടന്നുകഴിഞ്ഞിട്ടില്ലെങ്കിലും ഇന്ന് ഇനി ബാക്കിയുള്ള സമയത്ത് പ്രതിജ്ഞ ചെയ്യുകയും ദുആ ഇരക്കുകയും ചെയ്യേണ്ടതാണ്, അല്ലാഹു നമ്മുടെ ദൗർബല്യങ്ങളെ അവഗണിച്ചുകൊണ്ട്, നമ്മളിൽ കരുണ ചെയ്തുകൊണ്ട് നമ്മൾ നമ്മുടെ ജീവിതം സ്ഥിരമായി അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്ന മാർഗത്തിൽ കഴിക്കുന്നവരാകാൻ തൗഫീഖ് കിട്ടുന്നതിന് ദുആ ചെയ്യേണ്ടതാണ്.

അല്ലാഹു വലിയ ദയാലുവാണ്. അവൻ നമ്മുടെ ദുആകൾ സ്വീകരിക്കുന്നതിന് റമളാൻ മാസത്തിൽ ജുമുഅ ദിവസം ഒരു നിമിഷം വരുന്നുവെന്നല്ല പറഞ്ഞത്. പ്രത്യുത ഇത് ജുമുഅ ദിവസത്തിന്റെ പൊതുവായിട്ടുള്ള പ്രത്യേകതയാണ് വിവരിച്ചത്. അതിനാൽ ഇന്ന് നമ്മൾ നമ്മുടെ ദുആകളിൽ നമ്മൾ ഈ റമാളാനുശേഷവും നമ്മുടെ തഖ്‌വായുടെ നിലവാരം വർധിപ്പിച്ചുകൊണ്ടിരിക്കുമെന്ന് പ്രതിജ്ഞചെയ്യുകയാണെങ്കിൽ, അതിനുവേണ്ടി പരിശ്രമിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ വരുന്ന ജുമുഅവരെ നമ്മുടെ ഇബാദത്തുകളെ അല്ലാഹുവിനുവേണ്ടി പ്രത്യേകപ്പെ

ടുത്തിവെക്കുകയാണെങ്കിൽ, പിന്നീട് വരുന്ന ജുമുഅയുടെ ഇടയ്ക്കുള്ള കാലം നമ്മുടെ ഇബാദത്തുകളെ സൽകർമങ്ങൾകൊണ്ട് അലങ്കരിക്കാൻ ശ്രമിക്കുകയാണെങ്കിൽ, ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുകയാണെങ്കിൽ, അടുത്ത റമളാൻവരെ നമ്മൾ ഈ പരിപാടി പൂർത്തിയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ-അത് നമ്മൾ നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി റമളാൻ മാസത്തിനുവേണ്ടി ഉണ്ടാക്കിയിരുന്നതാണെങ്കിലും ഏതോ കാരണത്താൽ അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയാതെ വന്നതാണ്-ഈ കർമങ്ങളാണ് യഥാർഥമായ ഭക്തിയുണ്ടാക്കുന്നത്.

നമ്മൾ ആത്മാർഥമായി നമ്മുടെ ഇബാദത്തുകളും നമ്മുടെ കർമങ്ങളും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെയ്തുകൊണ്ടിരുന്നിട്ടുണ്ടെങ്കിൽ അപ്പോൾപ്പിന്നെ എല്ലാ ദയാലുക്കളെക്കാളും വലിയ ദയാലുവും പരമകാരുണികനും കരുണാമയനുമായ അല്ലാഹു നമ്മൾ റമളാനിലും ഒരു പരിധിവരെ ചെയ്ത കർമത്തിനുള്ള അനുഗ്രഹങ്ങൾകൊണ്ട് കടാക്ഷിക്കുന്നതായിരിക്കും. അതിനാൽ യഥാർഥ കാര്യം തഖ്‌വയാണ്. യഥാർഥ കാര്യം പതിവായി അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്.

യഥാർഥ കാര്യം അല്ലാഹുവിനോടുള്ള ഭയവും അവന്റെ തൃപ്തിയും കരസ്ഥമാക്കുക എന്നതാണ്. ഇതാണെങ്കിൽ നമ്മൾ ഈ ഭൗതികപരമായ ജീവിതത്തിൽ മടങ്ങിപ്പോയിട്ടില്ലെങ്കിൽ അവിടെ ദീനിനെ ദുൻയാവിന്റെമേൽ മുന്തിക്കുന്നത് നമ്മൾ മറക്കുകയാണെങ്കിൽ, എന്തായാലും എങ്ങനെയാണെങ്കിലും നമ്മൾ ഈ റമളാനിൽ ചെയ്തിട്ടുള്ള യിബാദത്തുകളും നമ്മുടെ പരിഷ്കരണത്തിനുള്ള ശ്രമവും അല്ലാഹു സ്വീകരിച്ചുകൊണ്ട് നമ്മെ അനുഗ്രഹിച്ചുകൊണ്ടിരിക്കും. ഇതാണ് അടിസ്ഥാനപരമായ പോയന്റ്. ഇതു നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ഈ ഉദ്ദേശ്യം കരസ്ഥമാക്കൽ എല്ലാ അഹ്മദികളും അവരുടെ മുമ്പിൽ വെക്കേണ്ടതാണ്. നമ്മൾ സ്വയമേവ നമ്മുടെ ജീവിതങ്ങളെ തഖ്‌വയിലൂടെ നടത്തുന്നതിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും കഴിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മൾ നമ്മുടെ കുട്ടികളുടേയും നമ്മുടെ തലമുറകളുടേയും മുമ്പിലും ആ മാതൃക അവതരിപ്പിക്കുന്നവരായിരിക്കും. ഇവ മുഖേന നന്മകളുടെ ഉണർവ് ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് പിടിച്ചുകൊണ്ടുപോകുന്നതായിരിക്കും.

നമ്മൾ അല്ലാഹുവിന്റെ ഫള്ൽകൊണ്ട് കാലത്തിന്റെ ഇമാമിനും നബി(സ)തിരുമേനിയുടെ സത്യവാനായ സേവകനും ബയ്അത്ത് ചെയ്തവരാണ്. ഏതൊരു നിബന്ധനകളനുസരിച്ചാണോ ബയ്അത്ത് ചെയ്തത് അതിന്റെ സംഗ്രഹംതന്നെ എപ്പോഴും ദൃഷ്ടിക്കുമുമ്പിൽ തഖ്‌വാ ഉണ്ടായിരിക്കുമെന്നാണ്. അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് നമ്മെ ഉപദേശിച്ചു. എന്തിനെന്നാൽ നമ്മുടെ ജീവിതങ്ങളിൽ, ഓരോ വർഷവും ഒരു വർഷത്തെമാത്രം വിപ്ലവം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി. അല്ലെങ്കിൽ വർഷത്തിൽ ഒരു മാസം ഈ വിപ്ലവത്തെ ഉണ്ടാക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി. റമളാൻ മാസത്തിൽ തഖ്‌വായുടെ നിലവാരങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹു ഒരു ശിക്ഷണപരമായ ചുറ്റുപാടും ഏർപാടും നമുക്കു ലഭ്യമാക്കിയിരിക്കുന്നു. ഓരോ റമളാനുശേഷവും നമ്മൾ തഖ്‌വായുടെ അടുത്തതും ഉന്നതവുമായ നിലവാരങ്ങൾ കരസ്ഥമാക്കിക്കൊണ്ടുപോകുന്നതിനാണിത്. അല്ലാതെ റമളാനുശേഷം നമ്മൾ തിരിച്ച് താഴെ തട്ടിലേക്ക് പോകുന്നതിനല്ല.

അതുകൊണ്ട് ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തഖ്‌വായുടെ നിലവാരങ്ങൾ ഉയർത്തുന്നതിനും നമ്മുടെ പരിഷ്കരണത്തിനും വേണ്ടിയാണ് അയക്കപ്പെട്ടത്. അതിന് അവിടന്ന് ആവർത്തിച്ചാവർത്തിച്ച് നമ്മെ ഉപദേശിച്ചു. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: "സത്യസന്ധതയുടേയും സത്യവിശ്വാസത്തിന്റേയും കാലം വീണ്ടും വരുന്നതിനും മനസ്സുകളിൽ തഖ്‌വാ ഉണ്ടാകുന്നതിനുംവേണ്ടി ഞാനയക്കപ്പെട്ടിരിക്കുന്നു. ഈ കർമങ്ങളാണ് ഞാനയക്കപ്പെട്ടതിന്റെ അടിസ്ഥാന ഉദ്ദേശ്യം." ഇതുതന്നെയാണ് എന്റെ വരവിന്റെ ഉദ്ദേശ്യം. പറഞ്ഞു: "എന്നോടു പറയപ്പെട്ടു. ഒരുപാടു ദൂരത്തായതിനുശേഷം വീണ്ടും ആകാശം ഭൂമിയോടു അടുത്തുവരും." (കിതാബുൽബരിയ്യ, റൂഹാനീ ഖസാഇൻ വാള്യം 13, പേജ് 293–294, അടിക്കുറിപ്പ്)

ഇക്കാര്യങ്ങൾ നമ്മളെപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അവിടത്തെ കാലഘട്ടം ഖിലാഫത്തുൻ അലാ മിൻഹാജുന്നുബുവ്വത്തിൽ(നുബുവ്വത്തിന്റെ ശ്രേണിയിലുള്ള ഖിലാഫത്ത്) സ്ഥാപിതമായിക്കൊണ്ട് നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് ഖിയാമത്തുന്നാൾവരെ നില്ക്കുന്ന കാലമാണ്. അദ്ദേഹത്തെ വിശ്വസിക്കുന്നവർ തന്നെയാണ് സത്യസന്ധതയിൽ അടിയുറച്ചുനിന്നുകൊണ്ട് തങ്ങളുടെ ഈമാനിനെ സംരക്ഷിക്കേണ്ടവർ. അതിന്റെ ഉന്നതമായ നിലവാരം കരസ്ഥമാക്കണം. ഇതു വെറും ഒരു മാസത്തെ നന്മകൾകൊണ്ടോ അല്ലെങ്കിൽ നന്മകൾ ചെയ്യാനുള്ള ആഗ്രഹംകൊണ്ടോ ഒരു മാസത്തെ ആരാധനകളും ആരാധനകളിൽ പ്രത്യേകമായ താൽപര്യം ഉള്ളതുകൊണ്ടോ അല്ലെങ്കിൽ ഒരു മാസം മസ്ജിദിൽ സ്ഥിരമായി വരുന്നതുകൊണ്ടോ കരസ്ഥമാകുകയില്ല. പ്രത്യുത സത്യത്തെ വിശ്വസിച്ചിട്ടുണ്ടെങ്കിൽ, അദ്ദേഹത്തെ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായി വിശ്വസിച്ച് ബയ്അത്ത് ചെയ്തിട്ടുണ്ടെങ്കിൽ ഈമാനിന്റെ നിലവാരങ്ങളെ ഉയർത്തുന്നതിന് നമ്മൾ പ്രത്യേകമായി പരിശ്രമിക്കേണ്ടതാണ്.

നമ്മൾ അങ്ങനെയായിത്തീർന്നാൽ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി പ്രത്യേകബന്ധമുള്ളവരിൽ ചേരുന്നതായിരിക്കും. അവർ ബയ്അത്തിന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കിയിരുന്നു. അതിനോടുള്ള കടമ നിറവേറ്റാൻ പരിശ്രമിച്ചിരുന്നു. ഇവരായിരിക്കും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞ അക്കൂട്ടർ. പറഞ്ഞു: "ഞാൻ നിന്നോടൊപ്പവും നിന്റെ എല്ലാ പ്രിയപ്പെട്ടവരോടൊപ്പവുമായിരിക്കും."(തദ്കിറ പേജ് 630, നാലാം പതിപ്പ്). ആരുടെയെങ്കിലും പ്രിയപ്പെട്ടവനാകുന്നതിന് അടിസ്ഥാനപരമായ നിബന്ധന ഇതുതന്നെയാണ്, ഇതുതന്നെയാണ് ആയിരിക്കേണ്ടതും അദ്ദേഹം പറയുന്ന കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക. അദ്ദേഹത്തിന്റെ ആഗ്രഹങ്ങളനുസരിച്ച് നമ്മൾ ജീവിക്കുക. ഇവിടെ അല്ലാഹുതന്നെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ടവരിൽ ആയിരിക്കുമെന്ന് വിളംബരം ചെയ്തിരിക്കുന്നു. അതുകൊണ്ട് അല്ലാഹു ആരുടെയെങ്കിലും കൂടെയായിത്തീർന്നാൽ അവന് പിന്നെ എന്താവശ്യമാണ് നിറവേറ്റാതിരിക്കുക.

അതുകൊണ്ട് നമ്മളിൽ ഭാഗ്യവാന്മാരായിട്ടുള്ളവർ, ഈമാനിന്റെ ഈ നിലവാരത്തെ കരസ്ഥമാക്കിയവരാണ്. അവർ എന്നെന്നേക്കുമായി അല്ലാഹുവിനോടൊപ്പം കൂടിച്ചേർന്നു. അല്ലാഹുവിനോടൊപ്പം ചേർന്നവന്റെ ദുൻയാവും പരലോകവും ശരിയായി.

അതുകൊണ്ട് നമുക്ക് നമ്മുടെ ഉള്ളിൽ തഖ്‌വ ഉണ്ടാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യത്തെ പൂർത്തിയാക്കേണ്ടതുണ്ട്. ഇതു പൂർത്തിയാകുന്നത് നമ്മൾ സ്ഥായിയായ നിലയിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുമ്പോഴാണ്. അവിടന്ന് ഈ ഉദ്ധരണിയിൽ ഇതുംകൂടി പറഞ്ഞിരിക്കുന്നു, പിന്നീട് ആകാശം ഭൂമിയോടടുത്തവരും. ആകാശം ഭൂമിയോടടുത്തുവരുന്നതെപ്പോഴാണെന്നാൽ നമുക്ക് അവന്റെ കൃപാദാനം ലഭിക്കുമ്പോഴാണ്. നമ്മൾ ഖുർആനിന്റേയും സുന്നത്തിന്റേയും വെളിച്ചത്തിൽ അതനുസരിച്ച് നടക്കുന്ന നേരത്ത് അല്ലാഹു നമ്മുടെ അടുത്തു വരുന്നതായിരിക്കും. അതു തുറന്ന നിലയിൽ ഹ്ദറത്ത് മസീഹ മൗഊദ്(അ) നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നു. നമ്മൾ അല്ലാഹുവിന്റെ ഫള്ലിന്റെ മഴ വർഷിക്കുന്നവരുടെ കൂട്ടത്തിലായിരിക്കുന്നതാണ്; അവരുടെ ദുആകൾ അല്ലാഹു സ്വീകരിക്കുന്നു.

ഈ ദൃശ്യങ്ങൾ നമ്മൾ നമ്മുടെ ജീവിതത്തിൽ കാണുമ്പോൾ മറ്റുള്ള ആളുകളെയും പൂർണ വിശ്വാസത്തോടുകൂടി അല്ലാഹുവുമായി നിങ്ങൾ ജീവൽബന്ധം ഉണ്ടാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തങ്ങളുടെ വിശ്വാസത്തെ സുദൃഢീകരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ നബി(സ)തിരുമേനിയുടെ സത്യദാസനെ സ്വീകരിക്കൂ എന്ന് പറഞ്ഞ് മറ്റുള്ളവരെ ക്ഷണിക്കാൻ കഴിയുന്നതായിരിക്കും. ഇത് തഖ്‌വാ സായത്തമാക്കുന്നതിലൂടെ മാത്രമേ ഉണ്ടാകുകയുള്ളൂ. ഇത് പ്രസ്തുത നിലവാരം കരസ്ഥമാക്കിയതിനു ശേഷം അതിൽ സ്ഥായിയായി ഉറച്ച് നിൽക്കുമ്പോഴാണ് ഉണ്ടാകുക. പിന്നെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങളും നമുക്ക് കാണാൻ കഴിയും. ഈ തത്ത്വം മനസ്സിലാക്കിയ നമ്മളിലുള്ള ആളുകൾ ജീവിതത്തെ നന്മയുടെയും തഖ്‌വായുടെയും നിലവാരത്തിലേക്ക് എത്തിച്ചവരാണ്. അഥവാ അതിന് ശ്രമിക്കുന്നവരാണ്. അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കാണുന്നതുമാണ്. നമ്മുടെ ജീവിതം അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയമാക്കി തഖ്‌വായുടെ മാർഗങ്ങളിലൂടെ ചരിക്കുകയാണെങ്കിൽ നമ്മളിലെ ഓരോരുത്തർക്കും ഈ ദൃശ്യം കാണാൻ കഴിയുന്നതാണ്.

യഥാർഥ തഖ്‌വാ എന്താണ്? അതനുസരിച്ച് നീങ്ങുന്നവർ എങ്ങനെയുള്ളവരായിരിക്കണം? അവരോട് അല്ലാഹു എങ്ങനെയാണ് പെരുമാറുക? ഇതേക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "യഥാർഥ തഖ്‌വായോടൊപ്പം അനിസ്‌ലാമികത്വം ചേരുകയില്ല. ഇത് അടിസ്ഥാനപരമായ ഒരു സംഗതിയാണ്. മുത്തഖി അജ്ഞനായിരിക്കുന്നതല്ല. യഥാർഥ മുത്തഖി യിബാദത്തുകൾ ചെയ്യുന്നവനായിരിക്കും. അതോടൊപ്പം അല്ലാഹുവിന്റെ ദാസന്മാരുടെയും കടമകൾ നിറവേറ്റുന്നവരായിരിക്കും. ഈ അടിസ്ഥാനപരമായ കാര്യം എപ്പോഴും നമ്മുടെ മുന്നിൽ ഉണ്ടായിരിക്കണം. യഥാർഥ തഖ്‌വാ ഒരു പ്രകാശം വഹിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: **യാ അയ്യുഹല്ലദീന ആമനൂ ഇൻ തത്തഖുല്ലാഹ യജ്അല്ലക്കും ഫുർഖാനൻ വ്വയുകഫ്ഫിർ അൻകും സയ്യിആത്തിക്കും വ യഗ്ഫിർലക്കും**(8:30) **വ യജ്അല്ലക്കും നൂറൻ തംശൂന ബിഹി**(57:29) അതായത് വിശ്വസിച്ചവരേ! നിങ്ങൾ മുത്തഖിയായിക്കൊണ്ട് അടിയുറച്ചു നില്ക്കുകയും അല്ലാഹുവിനുവേണ്ടി ഇത്തിഖായുടെ(ഭയപ്പെടൽ)സവിശേഷ ഗുണത്തിൽ

നില്ക്കുകയും സ്ഥൈര്യം സ്വീകരിക്കുകയുമാണെങ്കിൽ അല്ലാഹു നിങ്ങളുടേയും അന്യരുടേയുമിടയിൽ വ്യത്യാസമുണ്ടാക്കുന്നതാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യാഖ്യാനരമായ വിവർത്തനമാണ് ഇവിടെ ചെയ്തിട്ടുള്ളത്. അല്ലാഹുവിനുവേണ്ടി തഖ്‌വായുടെ സവിശേഷ ഗുണത്തിൽ നിൽക്കുകയും അതിൽ സ്ഥൈര്യം കാണിക്കുകയുമാണെങ്കിൽ അല്ലാഹു നിങ്ങൾക്കും അന്യർക്കുമിടയിൽ വ്യത്യാസമുണ്ടാക്കുന്നതാണ്. ഈ വ്യത്യാസമെന്തെന്നാൽ നിങ്ങൾക്ക് ഒരു പ്രകാശം നൽകപ്പെടും. അതുമായി നിങ്ങൾ എല്ലാ മാർഗങ്ങളിലൂടെയും സഞ്ചരിക്കുന്നതാണ്. അതായത് ആ പ്രകാശം നിങ്ങളുടെ കർമങ്ങളിലും വാക്കുകളിലും ശക്തിയിലും ആഗ്രഹങ്ങളിലുമുണ്ടാകുന്നതാണ്. നിങ്ങളുടെ വിവേകത്തിലും പ്രകാശമുണ്ടാകുന്നതാണ്. നിങ്ങളുടെ യാദൃച്ഛികമായ വർത്തമാനങ്ങളിലും പ്രകാശമുണ്ടാകുന്നതാണ്. നിങ്ങളുടെ കണ്ണുകളിലും പ്രകാശമുണ്ടാകുന്നതാണ്. നിങ്ങളുടെ കാതുകളിലും നിങ്ങളുടെ നാവുകളിലും നിങ്ങളുടെ വിവരണങ്ങളിലും നിങ്ങളുടെ അനക്കമടക്കങ്ങളിലും പ്രകാശമുണ്ടാകുന്നതാണ്. നിങ്ങൾ ചരിക്കുന്ന മാർഗങ്ങൾ പ്രകാശപൂരിതമാകുന്നതാണ്. ചുരുക്കത്തിൽ നിങ്ങളുടെ ഏതെല്ലാം മാർഗങ്ങളുണ്ടോ, നിങ്ങളുടെ കഴിവിലുള്ള മാർഗങ്ങളിലും, നിങ്ങളുടെ ആഗ്രഹത്തിന്റെ മാർഗങ്ങളിലുമെല്ലാംതന്നെ പ്രകാശം നിറയുന്നതാണ്. നിങ്ങൾ സമ്പൂർണമായ പ്രകാശത്തിൽ ചലിക്കുന്നതുമാണ്."(ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാള്യം 5, പേജ് 177–178)

ഈ സ്ഥാനം കരസ്ഥമാക്കാൻ ഒരു മുഅ്മിൻ, ഒരു മുത്തഖി ശ്രമിക്കേണ്ടതാണ്.

റമളാൻ കഴിഞ്ഞുപോയാലും നമുക്ക് ഈ സ്ഥാനം കരസ്ഥമാക്കാൻ ശ്രമിക്കാവുന്നതാണ്. നമ്മളിൽ ഈ സ്ഥാനം ലഭിച്ചവർ സൗഭാഗ്യവാന്മാരാകുന്നു. അല്ലാഹുവിന്റെ നിയന്ത്രണം നമ്മുടെ ഓരോ വാക്കിലും പ്രവർത്തിയിലും ഉണ്ടാകുന്നതായിരിക്കും. നമ്മുടെ ഓരോ കർമവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടിയായിരിക്കും. നമ്മൾ നടക്കുന്നതും സഞ്ചരിക്കുന്നതും നിൽക്കുന്നതും ഇരിക്കുന്നതും ചുരുക്കത്തിൽ ഓരോ കർമവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടിയായിരിക്കണം. ഇതുണ്ടായാൽ മാത്രമാണ് നമ്മൾ അല്ലാഹുവിന്റെ പ്രകാശത്തിന്റെ അംശം പറ്റുന്നവരാകുകയുള്ളൂ. നമ്മുടെ ലക്ഷ്യം ഭൗതികതയുടെ വർണങ്ങൾക്കു പകരം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയാകണം. ഇങ്ങനെയായാൽ മാത്രമാണ് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം പൂർത്തീകരിക്കുന്നവരാകുക. നമ്മൾ പരിശ്രമിച്ചുകൊണ്ട് നമ്മുടെ ഉടമ്പടി നിറവേറ്റുന്നവരായിത്തീരുന്നതാണ്. ഈ പരിശുദ്ധമാറ്റം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ ആഗ്രഹമില്ലെങ്കിൽ അതിനുവേണ്ടി പരിശ്രമിക്കുന്നില്ലെങ്കിൽ നമ്മുടെ വാദങ്ങൾ തെറ്റായിത്തീരുന്നു. നമുക്ക് റമളാനിൽ താൽകാലികമായ നന്മകളും ഒരു പ്രയോജനവും നൽകുന്നതല്ല. അതുകൊണ്ട് എല്ലാ സമയത്തും, നമ്മൾ വിശുദ്ധ ഖുർആനിലെ ആയത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ തഖ്‌വാ സ്വായത്തമാക്കാൻ സ്ഥായിയായി ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്താൻ നമ്മൾ എപ്പോഴും തയ്യാറായിരിക്കണം. നമ്മൾ നമ്മുടെ ജീവിതങ്ങളെ ഇങ്ങനെയാക്കാൻ ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും നമുക്ക് ശയ്ത്വാനെ നേരിടാനും തയ്യാറാകേണ്ടി വരും. ശയ്ത്വാനെതിരിൽ അല്ലാഹു നമ്മളെ സഹായിക്കുന്നതാണ്. ശയ്ത്വാനിന്റെ ഓരോ ആക്രമണത്തെയും അവൻ നിഷ്പ്രഭമാക്കുന്നതാണ്. ശയ്ത്വാൻ ഇക്കാലഘട്ടത്തിൽ നമ്മളെ എല്ലാ ഭാഗത്തുനിന്നും വലയം ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ സഹായം കൂടാതെ ശയ്ത്വാനിന്റെ വലയത്തിൽ നിന്ന് പുറത്തുകടക്കുക അസാധ്യമാകുന്നു. അല്ലാഹുവിന്റെ സഹായം തഖ്‌വായിലൂടെ ചരിക്കുന്നവരോടൊപ്പമാണുള്ളത്.

നമ്മൾ ഏതുസമയത്തും ഒരു കാര്യം ഓർമ വെക്കേണ്ടതാണ്. അതായത് ഈ കാലഘട്ടം പ്രത്യേകമായ നിലയിൽ ശയ്ത്വാനിന്റെ ആക്രമണത്തിന്റെ കാലഘട്ടമാകുന്നു. തന്റെ എല്ലാ ഉപായങ്ങളും കുതന്ത്രങ്ങളും ആയുധങ്ങളുമായി ശയ്ത്വാൻ ആക്രമണം നടത്തുകയാണ്. അതെത്രമാത്രം ഭയാനകമായ ആക്രമണമാണെന്നുവെച്ചാൽ അതിന് തത്തുല്യമായത് നേരത്തെ കാണാനും കിട്ടുന്നില്ല. ചുരുക്കത്തിൽ അത്തരം ഒരവസ്ഥയിൽ അല്ലാഹുവിന്റെ ഭാഗത്തേക്ക് പ്രത്യേകമായും കുനിയേണ്ടത് അനിവാര്യമാണ്. ടീ.വി, സോഷ്യൽ മീഡിയ, മറ്റുള്ള പ്രോഗ്രാമുകൾ അതല്ലെങ്കിൽ കുട്ടികളുടെ സ്കൂൾ, അവരുടെ പ്രോഗ്രാമുകൾ തുടങ്ങി എല്ലാ സ്ഥലത്തും ശയ്ത്വാൻ വ്യാജത്തോടൊപ്പം വളരെ ഭയാനകമായ അവസ്ഥ ഉണ്ടാക്കിയിരിക്കുന്നു. അതിൽനിന്ന് അല്ലാഹുവിന്റെ സഹായം കൂടാതെ പുറത്ത് കടക്കാൻ സാധ്യമേ അല്ല.

ഈ നേരത്ത് തങ്ങളുടെ മക്കളെയും അടുത്ത തലമുറയേയും ദജ്ജാലിന്റെയും ശയ്ത്വാനിന്റെയും ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനെ കുറിച്ചാണ് ഏറ്റവുമധികം ചിന്തിക്കേണ്ടത്. അത് വളരെ അനിവാര്യവുമാകുന്നു. അതിന് വേണ്ടി ഓരോ അഹ്മദി മാതാപിതാക്കളും എല്ലാ അഹ്മദി മാതാപിതാക്കളും ശ്രമിക്കേണ്ടതാണ്. ജമാഅത്തി സംവിധാനവും പരിശ്രമിക്കേണ്ടതാണ്.

അതുകൊണ്ട് ബുദ്ധിയും പക്വതയുമുള്ള ഓരോ അഹ്മദിയും അല്ലാഹുവിന്റെ സവിധത്തിൽ അല്ലാഹുവിനോട് സഹായം അഭ്യർഥിച്ച് തഖ്‌വായുടെ ഉന്നത നിലവാരങ്ങൾ സ്വായത്തമാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അങ്ങനെ ദജ്ജാലിനെ അല്ലാഹുവിന്റെ സഹായം കൊണ്ട് നേരിടാൻ കഴിയുന്നതാണ്. റമളാനു ശേഷവും നമ്മൾ റിലാക്സ്(relax) ആയിരിക്കാൻ പാടില്ല. സുഖമായി ഇരിക്കരുത്. മറിച്ച് തങ്ങളുടെ ഖുർആനിക അറിവിനെ, ദീനി വിജ്ഞാനം വർധിപ്പിക്കുന്നതിന് പ്രത്യേകമായും ശ്രമിക്കേണ്ടതാണ്. അങ്ങനെ ഒരു പ്രത്യേക അന്തരീക്ഷം നമ്മുടെ വീടുകളിൽ ഉണ്ടാകണം. നമ്മുടെ ഖുർആനിക ജ്ഞാനങ്ങളെ ദീനീപരമായ അറിവിനെ വർധിപ്പിക്കാൻ പ്രത്യേകം ശ്രമിക്കേണ്ടതാണ്. അങ്ങനെ ഒരു പ്രത്യേക അവസ്ഥയിൽ നമ്മുടെ വീടുകളിൽ സ്ഥിര ചിത്തത കൈവരുന്നതാണ്.

നമ്മുടെ ഇബാദത്തുകളെ സംരക്ഷിക്കേണ്ടതാണ്. ശയ്ത്വാനിന്റെയും ദാജ്ജാലിന്റെയും ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് പ്രത്യേകമായും ദുആകളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ശയ്ത്വാനിന്റെ ആക്രമണങ്ങളെയും തന്ത്രങ്ങളെയും സംബന്ധിച്ച് വിശദീകരിച്ചുകൊണ്ട് ഒരു സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഓർക്കുക! ദജ്ജാൽ യഥാർഥത്തിൽ ശയ്ത്വാനിന്റെ പ്രാതിനിധ്യത്തിനാണ് പറയുന്നത്. അതിന്റെ അർഥം സന്മാർഗത്തിൽ നിന്ന് വ്യതിചലിക്കുന്നവൻ എന്നാകുന്നു. എന്നാൽ, അവസാന കാലത്തെ സംബന്ധിച്ച് മുൻകാലഗ്രന്ഥങ്ങളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: ആ കാലത്ത് ശയ്ത്വാനുമായി വളരെയേറെ യുദ്ധമുണ്ടാകുന്നതാണ്. എന്നാൽ, അവസാനം ശയ്ത്വാൻ പരാജയപ്പെടുന്നതാണ്. ഒരു പ്രതീക്ഷയും നൽകുന്നുണ്ട്. അതായത് തഖ്‌വായിൽ ചരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ശയ്ത്വാൻ ഒതുക്കപ്പെടുന്നതാണ്. പറയുന്നു: എല്ലാ പ്രവാചകന്റേയും കാലഘട്ടത്തിൽ ശയ്ത്വാൻ പരാജയപ്പെട്ടിട്ടുണ്ട്. പക്ഷേ, അത് കേവലം ആലങ്കാരിക രൂപത്തിലായിരുന്നു. യഥാർഥ നിലയിൽ അത് പരാജയപ്പെടുക മസീഹിന്റെ കൈകൾകൊണ്ടായിരിക്കുമെന്ന് വിധിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു വിജയത്തെ കുറിച്ച് എത്രമാത്രം വാഗ്ദാനം തന്നിട്ടുണ്ടെന്നാൽ പറയുന്നു: **ജായിലുല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി**(3:56). അതായത് നിന്നെ ശരിയായ നിലയിൽ പിൻപറ്റുന്നവരെ എതിരാളികൾക്കുമേൽ ഖിയാമത്തുനാൾവരെയും നാം വിജയിപ്പിക്കുന്നതാണ്."

യഥാർഥ അനുയായി ആകുന്നതിനും അദ്ദേഹത്തിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിനും തഖ്‌വാ സ്വായത്തമാക്കേണ്ടിവരും. പറഞ്ഞു: "ശയ്ത്വാൻ ഈ അവസാന കാലഘട്ടത്തിൽ പൂർണ ശക്തിയോടുകൂടി യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നു. പക്ഷേ, അവസാന വിജയം നമ്മുടേത് തന്നെയായിരിക്കും."(മൽഫൂദാത്ത് വാള്യം 10, പേജ് 60, 1984 പതിപ്പ്). ഇൻശാ അല്ലാഹ്.

ചുരുക്കത്തിൽ ശയ്ത്വാനിന്റെയും ദജ്ജാലിന്റെയും ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും വിജയം നൽകുന്നതിനുമുള്ള വാഗ്ദാനം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്തിട്ടുണ്ട്. ആ മഹാത്മാവിനും രണ്ടുമൂന്ന് തവണ ഇത് ഇൽഹാമായി ഉണ്ടായിട്ടുണ്ട്. എന്നാൽ, അതിനെ യഥാർഥ നിലയിൽ പ്രയോജനപ്പെടുത്തുന്നവർ, അദ്ദേഹത്തെ ശരിയായി അനുസരിക്കുന്നവരും അദ്ദേഹത്തിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരും മാത്രമായിരിക്കും. ഇതുസംബന്ധമായി ഒരു അവസരത്തിൽ ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞു: "എന്റെ അനുയായികൾ ഖിയാമത്തുനാൾ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

**(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"സമയം വരുന്നു, അല്ല അതു അടുത്തിരിക്കുന്നു. അല്ലാഹു ഈ പ്രസ്ഥാനത്തിന് സ്വീകാരം ലോകമാകെ പരത്തുന്നതാണ്."**

**(തുഹ്ഫ ഗോൾഡവിയ പേജ് 90)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

വരെയും എന്റെ എതിരാളികൾക്കും നിഷേധികൾക്കുമേൽ വിജയം വരിക്കുമെന്നത് സത്യമാണ്. എന്നാൽ, ഒരു കാര്യം ചിന്തിക്കേണ്ടതെന്തെന്നാൽ, എന്റെ കൈയിൽ കേവലം ബയ്അത്ത് ചെയ്യുന്ന ഓരോരുത്തരും അനുയായികളിൽപ്പെടാൻ സാധ്യമല്ല. അനുയായികൾ കേവല ബയ്അത്തുകൊണ്ട് ആകുകയില്ല. തങ്ങൾക്കുള്ളിൽ ആ അനുസരണത്തിന്റെ പൂർണമായ അവസ്ഥ ഉണ്ടാകാത്തിടത്തോളം അനുയായികളിൽ ഉൾപ്പെടാൻ സാധ്യമല്ല, പൂർണമായും പിന്തുടരാതെ അതായത് അനുസരണത്തിൽ വിലയം പ്രാപിക്കുകയും കാലടികളിലൂടെ നടക്കുകയും ചെയ്യുന്നതുവരെ അനുസരണമെന്ന പദം സത്യസന്ധമാകുന്നതല്ല." പറഞ്ഞു: "ഇതിൽ നിന്ന് മനസ്സിലാകുന്നത് അല്ലാഹു എനിക്കു വേണ്ടി എന്റെ അനുസരണത്തിൽ ലീനരാകുന്ന എന്നെ പൂർണമായും പിൻപറ്റുന്ന ഒരു ജമാഅത്ത് വിധിച്ചിട്ടുണ്ടെന്നാണ്." (മൽഫൂദാത്ത് വാല്യം 8, പേജ് 299, 1984 പതിപ്പ്)

അല്ലാഹു അത്തരം ജമാഅത്ത് നൽകുന്നതായിരിക്കും. അത് നമ്മളോ മറ്റുള്ളവരോ ആകാം. ഇന്നല്ലെങ്കിൽ നാളെ കിട്ടുന്നതാണ്. നമുക്ക് മുമ്പേ കഴിഞ്ഞ് പോയവരോ അതല്ലെങ്കിൽ നമ്മളിൽ ചിലരോ ഭൂരിപക്ഷമോ ആയിരിക്കാം. ജമാഅത്ത് അദ്ദേഹത്തിന് തീർച്ചയായും ലഭിക്കുന്നതാണ്. അത് അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. ഈ വാക്കുകൾ നമ്മെ വളരെയധികം പിടിച്ച് കുലുക്കുന്നവയാണ്.

നമ്മൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. നമ്മുടെ അനുസരണത്തിന്റെ നിലവാരം എത്തരത്തിലുള്ളതാണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനും തന്നെ യഥാർഥമായ നിലയിൽ വിശ്വസിക്കുന്നവർക്കുംവേണ്ടി ചെയ്തിട്ടുള്ള ദുആകളുടെ അവകാശികളായി നമ്മൾ തീരുന്നുണ്ടോ? ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അനുയായികൾക്കുമേൽ വർഷിക്കുമെന്ന് അല്ലാഹു പറഞ്ഞിട്ടുള്ള അനുഗ്രഹങ്ങളെ നമ്മൾ കരസ്ഥമാക്കുന്നവരാകുന്നുണ്ടോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽ കാണാൻ ആഗ്രഹിക്കുന്ന തഖ്‌വായുടെ നിലവാരം സ്വായത്തമാക്കാൻ നമ്മൾ പരിശ്രമിക്കുന്നുണ്ടോ? അങ്ങനെ ഇല്ലെങ്കിൽപ്പിന്നെ ഏതാനും ദിവസത്തെ ദുആകൾ മാത്രമായിത്തീരും. ഏതാനും ദിവസത്തെ ദുആകളും കേവലം റമളാനിലെ ദുആകളും ഏതാനും ദിവസങ്ങളിലെ ഇബാദത്തും വിലാപങ്ങളും നമ്മെ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനങ്ങളുടെ അനുഗ്രഹങ്ങൾക്ക് അവകാശിയാക്കാൻ പര്യാപ്തമല്ല.

പിന്നെ ഇതേ വിഷയത്തെ കുറിച്ച് അദ്ദേഹം കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ഏതുവരെ ഹൃദയത്തിന്റെ ഉറച്ച തീരുമാനവും ദുആയും ഇല്ലയോ അതുവരെ കേവലം നാവുകൊണ്ടുള്ള ബയ്അത്ത് ഏറ്റു പറയുന്നത് ഒരു പ്രയോജനവും നൽകുന്നതല്ല. ഇവിടെ പൂർണമായ ലക്ഷ്യത്തോടെ പ്രവർത്തനമില്ലെങ്കിൽ അതായത് ഉദ്ദേശ്യവും ദുആയും മുഖേന പൂർണമായും സമർപ്പിക്കേണ്ടതാണ്. എന്റെ അധ്യാപനം അനുസരിച്ച് പൂർണമായും പ്രവർത്തിക്കുന്നവർ മാത്രമാണ് എന്റെ ഭവനത്തിൽ പ്രവേശിക്കുന്നവർ. അവരെ കുറിച്ച് അല്ലാഹുവിന്റെ വെളിപാടിൽ ഇപ്രകാരം വാഗ്ദാനമുണ്ട്. **ഇന്നീ ഉഹാഫിളു കുല്ല മൻ ഫിദ്ദാർ** നിന്റെ നാല് മതിൽക്കെട്ടിനുള്ളിലുള്ളവരെ ഞാൻ രക്ഷിക്കുന്നതാണ്."(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 10)

എല്ലാ പ്രയാസങ്ങളിൽനിന്നും വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നൽകിയ കുറിപ്പടി തന്റെ അധ്യാപനം അനുസരിച്ച് ആത്മാർഥമായി അല്ലാഹുവിന്റെ അഭയത്തിൽ വരാൻ പരിശ്രമിക്കുക എന്നതാണ്. അല്ലാഹു ശയ്ത്വാനിന്റെയും ദജ്ജാലിന്റെയും ആക്രമണങ്ങളിൽനിന്ന് എങ്ങനെയാണ് രക്ഷപ്പെടുത്തുന്നതെന്നത് നിങ്ങൾ നോക്കുക. മാത്രമല്ല ശയ്ത്വാനുമേൽ വിജയം വരിക്കാനുള്ള ആയുധങ്ങളുമായി അല്ലാഹു നമ്മെ തയ്യാറാക്കുന്നതാണ്. അതായത് നമ്മൾ രക്ഷപ്പെടുന്നവർ മാത്രമായിരിക്കില്ല മറിച്ച് അവനെ ഇല്ലായ്മ ചെയ്യുന്നവരായിരിക്കും. ശയ്ത്വാനെ എന്നെന്നേക്കുമായി അകറ്റുന്നവരും ദജ്ജാലിന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപെടുന്നവരും ആയിരിക്കും. അവനെ ഉന്മൂലനം ചെയ്യുന്നവരായി മാറും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരു സന്ദർഭത്തിൽ പറഞ്ഞു: "ഓർക്കുക! അവന്റെ അഥവാ ശയ്ത്വാനിന്റെ മരണംകൊണ്ട് ഉദ്ദേശിക്കുന്നത് ശയ്ത്വാൻ മരണപ്പെട്ടു എന്ന കേവലം വാദം മാത്രമല്ല. മറിച്ച് ശയ്ത്വാൻ മരണപ്പെട്ടു എന്ന് നിങ്ങൾ കർമങ്ങളിലൂടെ കാണിക്കണം. ശയ്ത്വാന്റെ മരണം വാക്കുകളിലൂടെ അല്ല. പ്രവർത്തനങ്ങളിലൂടെ വെളിപ്പെടുത്തണം. ശയ്ത്വാൻ മരണപ്പെട്ടു എന്ന് വെറും വാക്കുകൾ കൊണ്ട് വിളംബരപ്പെടുത്തുകയല്ല വേണ്ടത്. മറിച്ച് നമ്മുടെ ഓരോ പ്രവർത്തിയും കർമവും അവസ്ഥകളും നാം നമ്മുടെ ശയ്ത്വാനിനെ കൊന്നിരിക്കുന്നു എന്ന് വെളിപ്പെടുത്തുമാറാകണം. അവിടന്ന് പറയുന്നു: അവസാന മസീഹിന്റെ കാലഘട്ടത്തിൽ ശയ്ത്വാൻ പൂർണമായും മരണപ്പെടുന്നതാണ്. ശയ്ത്വാൻ എല്ലാ ഓരോ മനുഷ്യന്റേയും കൂടെ ഉണ്ടെങ്കിലും നമ്മുടെ നബി(സ)തിരുമേനിയുടെ ശയ്ത്വാൻ മുസ്‌ലിമായിത്തീർന്നു. ഇത് ഒരു ഉദാഹരണമെന്ന നിലയ്ക്കും സുന്നത്ത് എന്ന നിലയ്ക്കും നമുക്ക് മുന്നിൽ വിവരിച്ചതാണ്. ശയ്ത്വാനുമേൽ നിയന്ത്രണം കൈവരിക്കണമെങ്കിൽ ഈ സുന്നത്ത് അനുസരിച്ച് പ്രവർത്തിക്കേണ്ടത് നമ്മുടെ കടമയാണ്. അദ്ദേഹം പറയുന്നു: 'ഈ കാലഘട്ടത്തിൽ ശയ്ത്വാനിനെ പൂർണമായും ഉന്മൂലനം ചെയ്യുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമായിരുന്നു. ശയ്ത്വാൻ ലാ ഹൗല എന്ന ദുആകൊണ്ട് ഓടിപ്പോകുന്നു എന്ന് നിങ്ങൾക്കറിവുള്ളതാണ്. ലാ ഹൗല ചൊല്ലിയാൽ ശയ്ത്വാൻ ഓടിപ്പോകും. എന്നാൽ, ഇത് സർവ്വസാധാരണമായ ലാ ഹൗല അല്ല. നാവുകൊണ്ട് ലാ ഹൗല എന്ന് പറഞ്ഞതുകൊണ്ട്, *ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്* എന്നതുകൊണ്ട് ശയ്ത്വാൻ അകന്നു പോകുന്നതല്ല. ഇങ്ങനെ നൂറു തവണ ലാ ഹൗല ചൊല്ലിയാലും അവൻ ഓടിപ്പോകുന്നതല്ല. ഓരോ കണികയിലും ലാ ഹൗല സന്നിവേശിപ്പിക്കപ്പെടുകയും എല്ലാ സമയത്തും അല്ലാഹുവിനോട് സഹായം അഭ്യർഥിച്ചുകൊണ്ടിരിക്കുകയും അവനിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുകയും ചെയ്യുമ്പോൾ ഒരാൾ ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതാണ്. ഹൃദയത്തിൽനിന്ന് ശബ്ദം പുറപ്പെടണം. അതിന്റെ അർഥം മനസ്സിലാക്കിയിരിക്കണം. കേവലം അധര വ്യായാമം ആകരുത്. അത്തരത്തിലുള്ള ആളുകളാണ് വിജയികളായി തീരുന്നത്." (മൽഫൂദാത്ത് വാല്യം 8, പേജ് 299, 1984 പതിപ്പ്)

പിന്നെ ഒരു സദസ്സിൽ അദ്ദേഹം പറഞ്ഞു: "ഓർക്കുക! അല്ലാഹു വിശുദ്ധ ഖുർആനിന്റെ ആരംഭത്തിൽ ദുആ പഠിപ്പിച്ചു തന്നിരിക്കുന്നു. അത് അവസാനിപ്പിച്ചതും ദുആയിൽ തന്നെയാണ്. അതിന്റെ അർഥം മനുഷ്യൻ ദുർബലനാണെന്നും അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ അവനു പരിശുദ്ധനാകാൻ സാധ്യമല്ലെന്നുമാണ്." ഇത് ഒരു സദസ്സിൽ പറഞ്ഞ കാര്യമാണ്. അതിന്റെ റിപ്പോർട്ടിൽ മറ്റൊരു സ്ഥലത്ത് ഇങ്ങനെയും ഒരു വാചകമുണ്ട്. നിങ്ങൾ സ്വയം നല്ലവരാണെന്ന് പ്രഖ്യാപിക്കരുത്. കാരണം അല്ലാഹു പരിശുദ്ധൻ ആക്കാത്തിടത്തോളം ആരും പരിശുദ്ധനായിതീരുകയില്ല. തുടർന്ന് പറയുന്നു: 'ഏതുവരെ അല്ലാഹുവിൽനിന്ന് സഹായവും പിന്തുണയും ലഭ്യമാകുന്നില്ലയോ അതുവരെ നന്മയിൽ പുരോഗതി പ്രാപിക്കാൻ സാധ്യമല്ല, നന്മയിൽ അഭിവൃദ്ധി പ്രാപിക്കാൻ അല്ലാഹുവിന്റെ സഹായം വേണം. ഒരു ഹദീഥിൽ പറയുന്നു: അല്ലാഹു ജീവനോടെ നിലനിറുത്തിയവരൊഴികെ മറ്റെല്ലാവരും മരിച്ചവരാകുന്നു. അല്ലാഹു സന്മാർഗം നൽകിയവരൊഴികെ എല്ലാവരും വഴികേടിലാകുന്നു. അല്ലാഹു കാഴ്ച നൽകിയവരൊഴികെ എല്ലാവരും അന്ധന്മാരാകുന്നു.

ചുരുക്കത്തിൽ അല്ലാഹുവിന്റെ അനുഗ്രഹം ലഭ്യമാകാത്തിടത്തോളം ഭൗതികതയോടുള്ള സ്നേഹത്തിന്റെ ചങ്ങലകൾ കഴുത്തുകളിലെ മാലകളായി കിടക്കുമെന്നതാണ് സത്യം. ഇതിൽനിന്ന് മോചനം പ്രാപിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കിയവരാണ്. എന്നാൽ, ഓർക്കുക! ദൈവികാനുഗ്രഹങ്ങളും ദുആകൾ മുഖേനയാണ് തുടങ്ങുന്നത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനും ദുആ ചെയ്യേണ്ടതാണ്. എന്നാൽ, ദുആ കേവലം അധര വ്യായാമമാണെന്ന് കരുതരുത്, മറിച്ച് ദുആ ഒരു തരം മരണമാകുന്നു. അതിനുശേഷം ജീവിതം ലഭിക്കുന്നതാണ്. പഞ്ചാബിൽ ഒരു കവിതാ ശകലമുണ്ട്. *'ജോ മംഗേ സൊ മർ രഹെ മരേ സൊ മംഗൻ ജാ.* അതായത് ചോദിക്കുന്നവർ തനിക്കുമേൽ ഒരു മരണത്തെ സ്വീകരിക്കേണ്ടിവരും. മരണം സ്വായത്തമാക്കുന്നതിനുള്ള ധൈര്യമുണ്ടെങ്കിൽ ചോദിക്കുന്നവനും ആയിത്തീരുന്നതാണ്. ഇതിന് സാധ്യമാണെങ്കിൽ, അതിന് തയ്യാറാണെങ്കിൽ പിന്നെ നിങ്ങൾ ചോദിക്കുന്നവരായിത്തീരും." പറഞ്ഞു: ദുആയിൽ ഒരു കാന്തിക ശക്തിയുണ്ട്. അത് അനുഗ്രഹത്തെ തന്നിലേക്ക് ആകർഷിക്കുന്നു. വെറും വാകൊണ്ട് **ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം** എന്ന് പറയുകയും ഹൃദയത്തിൽ ഇന്ന കച്ചവടം നടത്തണമെന്ന് ചിന്തിക്കുകയും ചെയ്യുന്നത് എന്ത് ദുആ യാണ്! അത് ദുആ അല്ല. നാവ് ഒരു ഭാഗത്തേക്ക് ചലിച്ചുകൊണ്ടിരിക്കുകയും മസ്തിഷ്കവും ഹൃദയവും മറ്റൊരു ഭാഗത്തേക്ക് നീങ്ങുകയും ചെയ്യുന്നു. ഇന്ന കാര്യം ബാക്കിയായെന്നും ഇക്കാര്യം ഇങ്ങനെയാകണമായിരുന്നുവെന്നും ഇങ്ങനെ ആയാൽ അങ്ങനെ ആകുമായിരുന്നുവെന്നും തുടങ്ങി ഭൗതിക കാര്യങ്ങൾ കൂടുതലും മനസ്സിൽ ഗണിച്ചുകൊണ്ടിരിക്കുകയും നാവുകൊണ്ട് പ്രത്യക്ഷത്തിൽ ദുആ ചെയ്യുകയും ചെയ്യുന്നു.' പറഞ്ഞു: 'ഇത് ആയുസ്സ് പാഴാക്കുക മാത്രമാണ്. അല്ലാഹുവിന്റെ ഗ്രന്ഥത്തെ മുന്തിക്കാതെ അതനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളം ഒരാളുടെ നമസ്കാരങ്ങൾ സമയം നഷ്ടപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. അല്ലാഹു നമുക്ക് നൽകിയ അധ്യാപനങ്ങൾ വിശുദ്ധ ഖുർആനിൽ പാരായണം ചെയ്യുക. റമളാനിൽ നമ്മൾ അത് പറയണം ചെയ്തു കൊണ്ടിരിക്കുകയും ദർസുകൾ കേൾക്കുകയും ചെയ്യുന്നുണ്ട്. അത് പ്രാവർത്തികമാക്കി നോക്കുക. പിന്നെയുള്ള ജീവിതമായിരിക്കും യഥാർഥ ജീവിതം. അല്ലാഹു അനുഗ്രഹിച്ചവരുടെ ജീവിതം അതായിരിക്കും.

വീണ്ടും പറയുന്നു: "വിശുദ്ധ ഖുർആനിൽ വ്യക്തമായ നിലയിൽ എഴുതിയിരിക്കുന്നു: **ഖദ് അഫ്‌ലഹൽ മുഅ്മിനൂൻ അല്ലദീനഹും ഫീ സ്വലാത്തിഹിം ഖാശിഊൻ**(23:2,3). അതായത് ദുആ ചെയ്ത് മനുഷ്യ ഹൃദയം ഉരുകുകയും ദൈവിക സവിധത്തിൽ അല്ലാഹുവിൽ വിലയം പ്രാപിച്ചുകൊണ്ട് പൂർണ ആത്മാർഥതയോടും സത്യസന്ധമായും കുനിയുകയും വേണം. എല്ലാ ചിന്തകളെയും മായ്ച്ചുകളഞ്ഞ് അവനിൽനിന്ന് അനുഗ്രഹവും സഹായവും തേടണം. ഒരുതരം തേങ്ങലും വേദനയുമുണ്ടാകുന്ന രീതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. അപ്പോഴാണ് വിജയത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുക. വിജയം കരസ്ഥമാക്കുന്ന വിശ്വാസികളുടെ നമസ്കാരങ്ങൾ ഭയഭക്തികൊണ്ട് നിർഭരമായിരിക്കും. അപ്പോൾ വിജയത്തിന്റെ കവാടങ്ങൾ തുറക്കപെടുന്നതാണ്. പൂർണമായും ഹൃദയം വിങ്ങിപ്പൊട്ടുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും വരുന്നത് മനുഷ്യൻ പൂർണമായും അല്ലാഹുവിനുവേണ്ടി മാത്രം ദുആകൾ ചെയ്യുമ്പോഴായിരിക്കും. അപ്പോൾ വിജയ കവാടങ്ങൾ തുറക്കപ്പെടുന്നതാണ്. അത് മുഖേന ഭൗതികതയോടുള്ള സ്നേഹം മരവിക്കുന്നതാണ് . കാരണം രണ്ടു സ്നേഹങ്ങൾ ഒരേ സ്ഥലത്ത് ഒരുമിച്ചിരിക്കുകയില്ല

*ഹം ഖുദാ ഖ്വാഹി വ ഹം ദുൻയായെ ദൂം*
*ഈൻ ഖയാൽ അസ്ത് വ മഹാൽ*
*അസ്ത് വ ജുനൂൻ*

എന്ന് എഴുതിയിരിക്കുന്നു. അതായത് നീ അല്ലാഹുവിന്റെ അന്വേഷകനാണെന്ന് പറയുന്നു. ഇത് ഈ നിസ്സാരമായ ഭൗതിക ലോകത്തിന്റെ ഊഹങ്ങൾ മാത്രമാകുന്നു. അതായത് ഇതൊക്കെ ധാരണകൾ മാത്രമാണ്. സംഭവിക്കാൻ സാധ്യമല്ലാത്ത കാര്യങ്ങളാണ്. കാരണം ഈ രണ്ടു കാര്യങ്ങളും ഒരുമിച്ചിരിക്കുക സാധ്യമല്ല. ഇത് ഭ്രാന്തുള്ളവരുടെ കാര്യമാകുന്നു. ബുദ്ധി ശൂന്യതയാണ്. **വല്ലദീനഹും അനിലഗ്‌വി മുഗ്‌രിളൂൻ** ഇവിടെ ലഗ്‌വ് കൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതിക ലോകമാണ്. അതായത് മനുഷ്യന് നമസ്കാരത്തിൽ ആർദ്രതയും ദൈവഭയവുമുണ്ടായിത്തുടങ്ങുമ്പോൾ അതിന്റെ ഫലമായി ഭൗതിക സ്നേഹം അവന്റെ ഹൃദയത്തിൽ തണുത്തു പോകുന്നതാണ്. ഇതുകൊണ്ടുള്ള വിവക്ഷിതം അവൻ കൃഷിയും കച്ചവടവും ഉദ്യോഗവും മറ്റും ഉപേക്ഷിക്കണം എന്നല്ല. മറിച്ച് ഭൗതിക ലോകത്തിലെ വഞ്ചിക്കപ്പെടുന്ന കർമങ്ങൾ അല്ലാഹുവിനെ കുറിച്ച് അശ്രദ്ധമാക്കുകയും അവനിൽനിന്ന് അകറ്റുകയും ചെയ്യുന്നു. അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമായ അത്തരം കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നു. ഇതിന്റെ കൂടുതൽ വിശദീകരണം മറ്റു സ്ഥലത്ത് എഴുതിയിട്ടുണ്ട്. ഇത് ഒരു സദസിലുള്ള വിവരണമാണ്. **രിജാലുൻ ല്ലാ തുൽഹീഹിം തിജാറത്തുൻ വ്വലാ ബയ്ഉൻ അൻ ദിക്‌രില്ലാഹ്**(24:38) അതായത് വലിയ വലിയ കച്ചവടകാര്യങ്ങളിലുള്ള നമ്മുടെ ചില ദാസന്മാർ ഒരു നിമിഷ നേരത്തേക്കുപോലും നമ്മെ വിസ്മരിക്കുന്നില്ല. അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ, അല്ലാഹുവിനെ മറക്കുന്നില്ല. പറഞ്ഞു: അല്ലാഹുവുമായി ബന്ധമുള്ളവർ ഭൗതികരെന്ന് വിളിക്കപെടുന്നവരല്ല. മറിച്ച് അല്ലാഹുവിനെ മറക്കുന്നവരെയാണ് ഭൗതികർ എന്ന് പറയുന്നത്.

അല്ലാഹുവിന്റെ ദാസന്മാരെ പുകഴ്ത്തിക്കൊണ്ട് ആ മഹാത്മാവ് പറയുന്നു: "അത്തരം ആളുകളുടെ കരച്ചിലും വിലാപവും അതായത് ദൈവിക ദാസന്മാരുടെ കരച്ചിലും വിലാപവും തേങ്ങലും ദൈവ സവിധത്തിൽ വിനയാന്വിതനാകുകയും ചെയ്യുന്നതിന്റെ ഫലമായി ഒരാളുടെ ഭൗതിക സ്നേഹത്തിനേക്കാളും അത്യാർത്തിയെക്കാളും സുഖസൗകര്യങ്ങളേക്കാളും ദീനീ സ്നേഹത്തെ മുന്തിക്കുന്നതായിരിക്കും. ഇതാണ് ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കും എന്നതിന്റെ വിവക്ഷിതം. കാരണം ഒരു നന്മ മറ്റൊരു നന്മയെ ആകർഷിക്കുന്നു എന്നതും ഒരു തിന്മ മറ്റൊരു തിന്മയെ ആകർഷിക്കുന്നു എന്നതും ഒരു പൊതുവായ കാര്യമാകുന്നു. ജനങ്ങൾ തങ്ങളുടെ നമസ്കാരങ്ങളിൽ ഭയഭക്തി ഉണ്ടാക്കുമ്പോൾ സ്വാഭാവികമായും അതിന്റെ ഫലമായി വ്യർഥമായ കാര്യങ്ങളിൽനിന്ന് മുഖം തിരിക്കുന്നതാണ്. ഈ മ്ലേച്ഛമായ ഭൗതികതയിൽനിന്ന് അകറ്റപ്പെടുന്നതാണ്. ഭൗതിക സ്നേഹം തണുക്കുകയും അവരിൽ ദൈവിക സ്നേഹം ഉണ്ടാകുകയും ചെയ്യും. നമസ്കാരങ്ങൾ അവരെ നന്മയിലേക്ക് കൊണ്ടുപോകും. ഭൗതികമായ കച്ചവടങ്ങൾ ഉണ്ടായിട്ടു പോലും ഭൗതികലോകം അവരുടെ ലക്ഷ്യമായിരിക്കില്ല. ഞാൻ കഴിഞ്ഞ ഖുത്ബയിൽ *ലാ ഇലാഹ ഇല്ലല്ലാഹ്* എന്നതിന്റെ വിശദീകരണത്തിൽ പറഞ്ഞതുപോലെ ഉദ്ദിഷ്ടലക്ഷ്യവും സ്നേഹഭാജനവും അല്ലാഹുവിന്റെ അസ്തിത്വമായിരിക്കും.

ശയ്ത്വാനെ കൊല്ലുന്നതിന് ഈ നിലവാരം സ്വായത്തമാക്കേണ്ടി വരും. ശയ്ത്വാനെ ഓടിക്കുന്നതിന് ലാ ഹൗല എന്ന പ്രാർഥന ചൊല്ലിക്കൊണ്ടിരിക്കുകയാണെങ്കിൽ ഓരോ നിമിഷവും നമ്മുടെ ചിന്തകളിൽ എല്ലാ ശക്തികളുടെയും ഉടമസ്ഥൻ അല്ലാഹുവാണെന്ന ചിന്തയും രൂഢമൂലമാകണം. അതായത് ഒരു ഇലപോലും അല്ലാഹുവിന്റെ അറിവു കൂടാതെ വീഴുന്നതല്ലെന്ന് പറയുമ്പോൾ നമ്മളിലെ അധികംപേരും ഇതുതന്നെയാണ് നമ്മുടെ വിശ്വാസമെന്ന് പറയും. ഞങ്ങൾ അത് അംഗീകരിക്കുന്നുവെന്ന് പറയും. എന്നാൽ, കർമപരമായി കാണിക്കേണ്ട ഘട്ടം വരുമ്പോൾ രണ്ടാമത്തെ ഭയം, ഭൗതികപരമായ ഭയം, സ്നേഹങ്ങൾ ആഗ്രഹങ്ങൾ തുടങ്ങിയവയെല്ലാം അല്ലാഹുവിനോടുള്ള സ്നേഹത്തേക്കാൾ അതിജയിച്ചു നിൽക്കുകയും ചെയ്യും.

അല്ലാഹുവിലുള്ള യഥാർഥ വിശ്വാസവും അല്ലാഹുവിനോടുള്ള യഥാർഥ ആരാധനയും എങ്ങനെയുള്ളതാകണമെന്നാൽ അതിന്റെ സ്വാധീനം നമ്മുടെ ശരീരത്തിലും ആത്മാവിലുമുണ്ടാകണം. ഇതാണ് ഇബാദത്തുകളുടെ നിലവാരമെങ്കിൽ നമ്മുടെ ബാഹ്യത്തിലുള്ള അടിസ്ഥാനപരമായ സ്വഭാവങ്ങളും ഉന്നത നിലവാരത്തിലേക്ക് പോകുന്നതാണ്. നമ്മുടെ ഹൃദയവും മസ്തിഷ്കവും ആത്മാവും പരിശുദ്ധമാകുന്നതാണ്. ശയ്ത്വാനിന്റെ എല്ലാ ആക്രമണത്തിൽ നിന്നും വഞ്ചനയിൽ നിന്നും മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിൽ വരുന്നതു കാരണം രക്ഷപെടുന്നതാണ്. ഇബാദത്തുകളുടെ ഈ നിലവാരം കരസ്ഥമായാൽ അതിനിടയിൽ ഒരു തരത്തിലുള്ള അന്യദൈവങ്ങളും പ്രവേശിക്കുന്നതല്ല. നമസ്കാരങ്ങളോടും യിബാദത്തുകളോടുമുള്ള കടമകൾ നിറവേറ്റുന്നതോടൊപ്പം മറ്റൊരു കാര്യം കൂടി നാം ഓർക്കേണ്ടതായിട്ടുണ്ട്. കടമകൾ നിറവേറ്റുന്നതിനെ സംബന്ധിച്ച് ഹദീഥിൽ പറയുന്നത് നമസ്കാരം ഇബാദത്തുകളുടെ അകക്കാമ്പാകുന്നു എന്നാണ്.(മൽഫൂദാത്ത് വാള്യം 7, പേജ് 367, 1984 പതിപ്പ്)

ഈ അകക്കാമ്പ് സ്വായത്തമാക്കാൻ പരിശ്രമിക്കുമ്പോൾ നമ്മൾ നമസ്കാരത്തിന്റെ കടമകൾ നിറവേറ്റുന്നവരായിത്തീരും. ഇബാദത്തുകളുടെ കടമകളും നിറവേറ്റുന്നവരായി മാറും. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരായിത്തീരും. സ്വന്തം ആത്മാവിലും ശരീരത്തിലും ഒരു വിപ്ലവമുണ്ടാക്കുന്നവരായിമാറും. ഇതില്ലെങ്കിൽ ബാഹ്യമായ നമസ്കാരം ഒരു പ്രയോജനവും ചെയ്യുകയില്ല. അസംഖ്യം നമസ്കാരക്കാരുണ്ട്. അവർ മസ്ജിദുകളിൽപ്പോയി നമസ്കരിച്ച് പിന്നീട് ദ്രോഹങ്ങളും അക്രമങ്ങളും ചെയ്യുന്നു. ഈ ഭീകരവാദ സംഘടനക്കാർ, നാമമാത്ര മുല്ലാക്കൾ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ അക്രമങ്ങളല്ലേ ചെയ്തു കൂട്ടുന്നത്. അവർ ലോകത്തിന്റെ സമാധാനം കെടുത്തിയിരിക്കുന്നു. ഇവർ ഭൗതികരെക്കാൾ കൂടുതൽ അക്രമകാരികളാണ്. അവർ ഭൗതികോദ്ദേശ്യങ്ങൾക്കുവേണ്ടി അക്രമം ചെയ്യുന്നവരാണ്. പക്ഷേ, ഇവർ പരമകാരുണികനും കരുണാമയനുമായ ദൈവത്തിന്റെ പേരിലും റഹ്മത്തുല്ലിൽ ആലമീനായ ദൈവദൂതന്റെ പേരിലുമാണ് അക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ ദുർമാതൃക, ഒരു അഹ്മദിയെ ഇസ്‌ലാമികാധ്യാപനങ്ങളുടെ ഉന്നതമായ മാതൃകകളിൽ നിലകൊള്ളുന്നവരാക്കേണ്ടതാണ്. നമ്മുടെ നമസ്കാരങ്ങളും നമ്മുടെ ഇബാദത്തുകളും നമ്മുടെ ദുആകളും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാക്കേണ്ടതാണ്. നമ്മൾ ഈ ലക്ഷ്യത്തെ പ്രാപിച്ചാൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിനോടുള്ള കടമകൾ നിറവേറ്റുകയും റമളാനിന്റെ അനുഗ്രഹങ്ങളിൽനിന്ന് കൃപാതിരേകം പറ്റുകയും ചെയ്തു.

നമ്മുടെ നമസ്കാരങ്ങൾ എത്തരത്തിലുള്ളതാകണം. എങ്ങനെയാണ് അതിനോടുള്ള കടമ നിറവേറ്റേണ്ടത്.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മുടെ നമസ്കാരങ്ങൾ എത്തരത്തിലുള്ളതാകണം. എങ്ങനെയാണ് അതിനോടുള്ള കടമ നിറവേറ്റേണ്ടത്.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എല്ലാ ബുദ്ധിമുട്ടുകളും എളുപ്പമുള്ളതാക്കിത്തീർക്കുന്ന കാര്യം നമസ്കാരം മാത്രമാണെന്ന് ഓർമവെക്കേണ്ടതാണ്." എല്ലാ ബലാകളും അകലുന്നു. എന്നാൽ, നമസ്കാരം കൊണ്ടുദ്ദേശിക്കുന്നത് സാധാരണക്കാർ പൊ

## ത്വാലിബെ ദുആ

**ആത്മീയതയില്ലാത്ത മതം ഒരിക്കലും വിജയിക്കയില്ല. അതു കൊള്ളരുതാത്തതത്രെ! (തദ്ക്കിറത്തുശ്ശഹാദത്തയ്ൻ, ഹദ്റത്ത് അഹ്മദ്(അ))**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം : •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്; ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**ത്വാലിബെ ദുആ: ANWAR SADAT & FAMILY JAMA-ATH AHMADIYYA,PATHAPIRIYAM**

തുവെ ആചാരമായി നമസ്കരിക്കുന്ന നമസ്കാരമല്ല. പ്രത്യുത നമസ്കാരം കൊണ്ടുദ്ദേശിക്കുന്നത് മനുഷ്യന്റെ ഹൃദയം ഉരുകിപ്പോകുന്ന നമസ്കാരമാണ്.” ആർദ്രീഭവിക്കുന്ന നമസ്കാരമാണ്. “ദൈവസവിധത്തിൽ വീണ് എങ്ങനെ ലയിച്ചു ചേരുന്നുവെന്നാൽ ഉരുകാൻ തുടങ്ങുന്നു. പിന്നെ നമസ്കാരത്തെ സംരക്ഷിക്കുന്നത് അല്ലാഹുവിന് ആവശ്യമുള്ളതുകൊണ്ടണെന്ന് മനസ്സിലാക്കരുത്.”

നമ്മൾ നമസ്കരിക്കുന്നു. അല്ലെങ്കിൽ അതു കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്നു. അത് അല്ലാഹുവിന് നമ്മുടെ ആരാധനയുടെ ആവശ്യമുള്ളതുകൊണ്ടല്ല. “അല്ലാഹുവിന് നമ്മുടെ ആരാധനയുടെ ഒരു ആവശ്യവുമില്ല.” പറഞ്ഞു: അല്ലാഹുവിന് നമ്മുടെ ആരാധനയുടെ ഒരു ആവശ്യവുമില്ല. “അവൻ ഗനീ അനിൽ ആലമീനാണ്. അവന് ഒന്നിന്റേയും ആവശ്യമില്ല. പ്രത്യുത അതിന്റെ ഉദ്ദേശ്യം മനുഷ്യന് അതിന്റെ ആവശ്യമുണ്ടെന്നതാണ്. മനുഷ്യൻ സ്വയമേവ തന്റെ സുഖം ആഗ്രഹിക്കുന്നു എന്നത് രഹസ്യമായ കാര്യമാണ്. ഇതാണ് യാഥാർഥ്യം.“അതുകൊണ്ട് അവൻ അല്ലാഹുവിനോടു സഹായം തേടുന്നു.” തന്റെ സുഖത്തിനുവേണ്ടി അല്ലാഹുവിനോടു സഹായം തേടുന്നു.“കാരണം മനുഷ്യന് അല്ലാഹുവുമായി ബന്ധമുണ്ടാകുക, യഥാർഥമായ സുഖം കരസ്ഥമാക്കലാണെന്നത് സത്യമായ കാര്യമാണ്. ലോകം മുഴുവൻ അത്തരം വ്യക്തിക്ക് എതിരാണെങ്കിലും അവനെ നശിപ്പിക്കുന്നതിന് പിന്നാലെ കൂടിയിരിക്കുകയാണെങ്കിലും അവനെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ആ വ്യക്തിക്കുവേണ്ടി അല്ലാഹുവിന് ലക്ഷക്കണക്കിന് കോടിക്കണക്കിന് ആളുകളെ നശിപ്പിക്കേണ്ടിവന്നാലും അവൻ അതു ചെയ്യുന്നു. ആ ഒന്നിനു പകരം ലക്ഷക്കണക്കിനാളുകളെ നശിപ്പിക്കുന്നു.”

അവിടന്ന് പറഞ്ഞു: “ഓർമിച്ചുകൊള്ളുവിൻ! ഈ നമസ്കാരം എങ്ങനെയുള്ള കാര്യമാണെന്നാൽ അതുമുഖേന ദുൻയാവും ശരിയാകുന്നു. ദീനും ശരിയാകുന്നു.”

മനുഷ്യൻ അല്ലാഹുവിനുവേണ്ടി നമസ്കാരങ്ങൾ അനുഷ്ഠിക്കുകയാണെങ്കിൽ രണ്ടു കാര്യവും അതിൽനിന്ന് ലഭിക്കുന്നു. യഥാർഥത്തിൽ അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് നമസ്കരിക്കുന്നവനാകുകയാണെങ്കിൽ. അവിടന്ന് പറഞ്ഞു: “പക്ഷേ, നമസ്കരിക്കുന്ന ഭൂരിഭാഗമാളുകളുടെമേലും നമസ്കാരം ശാപം ചൊരിയുകയാണ്.”(മൽഫൂദാത്ത് വാള്യം 10, പേജ് 66, 1984 പതിപ്പ്)

അല്ലാഹു നമുക്ക് നമസ്കാരത്തിനോടുള്ള കടമകൾ നിറവേറ്റാൻ താഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിനെ വെറുപ്പിക്കുന്ന നമസ്കാരം നമ്മളിൽനിന്ന് ഒരിക്കലുമുണ്ടാകാതിരിക്കട്ടെ. നമ്മൾ അല്ലാഹുവിന്റെ പാരിതോഷികങ്ങളുടെ അവകാശികളാകുമാറാകട്ടെ. അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദിനോടു അല്ലാഹു ചെയ്ത വാഗ്ദാനങ്ങളിൽ ഭാഗഭാക്കാകുന്നവരാകട്ടെ. നമ്മൾ നമ്മുടെ തലമുറകളേയും, അവരുടെ അനശ്വരതയ്ക്കും അവരുടെ തലമുറകളുടെ ജാമ്യവും ആകുന്ന വിധത്തിൽ അത്തരം നമസ്കാരങ്ങളുടെ ശീലം അവരിലിടുന്നവരാകുമാറാകട്ടെ.

ഇങ്ങനെ ഉണ്ടാകുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ദുൻയാവിലെ ഒരു കളവും ശയ്ത്വാനിന്റെ ഒരു ആക്രമണവും നമ്മുടെ ഒരു രോമത്തിനുപോലും ക്ഷതമുണ്ടാക്കുകയില്ല. ലോകം നമ്മെ നശിപ്പിക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും ആയിരക്കണക്കിന് പദ്ധതി ആസൂത്രണം ചെയ്താലും നമുക്കൊരു നഷ്ടവും വരുത്താൻ കഴിയുന്നതല്ല. എന്നല് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അല്ലാഹു തന്റെ ദാസന്മാർക്കുവേണ്ടി ലക്ഷക്കണക്കിന് കോടിക്കണക്കിനാളുകളെ നശിപ്പിക്കുകും ചെയ്യും. അതുകൊണ്ട് അല്ലാഹുവിന്റെ സ്നേഹവും അവന്റെ തൃപ്തിയും കരസ്ഥമാക്കുന്നതിനുവേണ്ടി നമുക്ക് നമ്മുടെ ആരാധനകളുടെ നിലവാരത്തെ വളരെ ഉയർന്ന നിലയിലെത്തിക്കേണ്ടതുണ്ട്. ദജ്ജാൽ ഇക്കാലഘട്ടത്തിൽ നശിക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദിനോടു(അ) അല്ലാഹു ചെയ്ത വാഗ്ദാനമാണിതെന്നതിന് ഒരു സംശയവുമില്ല.

നമ്മൾ നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തിക്കൊണ്ട്, നമ്മുടെ അവസ്ഥകൾ ശരിയാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ അതിനോടുള്ള കടമകൾ നിറവേറ്റിക്കൊണ്ടിരുന്നവരിൽ പങ്കുചേരുക എന്നത് നമ്മുടെ സൗഭാഗ്യമായിരിക്കും. ഈ കടമ നിർവഹിക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ ഒരു കുറിപ്പടിയും വിവരിക്കുകയുണ്ടായി. അതായത് കരച്ചിലും വിനയവും ഗതിമുട്ടിയവന്റെ അവസ്ഥയും (അതായത് വിലപിക്കുകയും അങ്ങേയറ്റം താണുകേണ് അപേക്ഷിക്കുകയും ചെയ്യുക) അല്ലാഹുവിന്റെ സന്നിധിയിൽ എളിമകാണിക്കുന്നതിലൂടെയും മാത്രമെ കരസ്ഥമാകുകയുള്ളു. അതുകൊണ്ട് ഈ സ്ഥാനം കരസ്ഥമാക്കാൻ ശ്രമിക്കുക. എങ്ങനെയാണ് കരസ്ഥമാക്കേണ്ടത്. പറയുന്നു: “നിങ്ങളുടെ പകലും നിങ്ങളുടെ രാത്രിയും എന്നല്ല ഒരു നിമിഷവും ദുആകളിൽനിന്ന് ശൂന്യമാകാൻ പാടില്ല.”(മൽഫൂദാത്ത്, വാള്യം 10, പേജ് 67, 1984 പതിപ്പ്)

ഈ അവസ്ഥ ഉണ്ടാകുമ്പോൾ നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകും. സാത്താനികമായ എല്ലാ ആക്രമണങ്ങളും ദജ്ജാലീ ആക്രമണങ്ങളും നശിച്ചൊടുങ്ങുന്നതായിരിക്കും. നമ്മൾ നമ്മുടെ ജീവിതം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അധ്യാപനമനുസരിച്ച് നയിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് ജീവിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹത്തിനു ചെയ്ത ബയ്അത്തിനോടുള്ള കടമകൾ നിറവേറ്റാൻ സാധിക്കുമാറാകട്ടെ. നമ്മുടെ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി മാത്രമായിരിക്കട്ടെ. ഈ മാറ്റം നമ്മുടെ ഉള്ളിൽ ഉണ്ടാക്കുന്നതുവരെ സമാധാനത്തോടെ ഇരിക്കുകയില്ലെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യുക. അത് നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിയ്ക്കനുസരിച്ച് വാർത്തെടുക്കുന്നവരാകട്ടെ. നമ്മൾ നമ്മുടെ ഉള്ളിലും നമ്മുടെ മക്കളുടെ ഉള്ളിലും നമ്മുടെ തലമുറകളുടെ ഉള്ളിലും കടക്കാൻ ശയ്ത്വാനെ അനുവദിക്കുകയില്ല. അതിനുവേണ്ടി എല്ലാതരത്തിലും പരിശ്രമിക്കുന്നതായിരിക്കും. അതിനുവേണ്ടി അല്ലാഹുവും അവന്റെ റസൂലും നമുക്കു നല്കിയ പാഠങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. എന്നല്ല ലോകത്തെ തന്നെയും ശയ്ത്വാനിൽനിന്നും ദജ്ജാലിൽനിന്നും പരിശുദ്ധമാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതായിരിക്കും. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

പാക്കിസ്ഥാനിലെ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ എതിരാളികളുടെ ദ്രോഹങ്ങളിൽനിന്ന് കാത്തു രക്ഷിക്കുമാറാകട്ടെ. ദ്രോഹികളുടെ ദ്രോഹം അവരുടെമേൽതന്നെ മറിച്ചിടുമാറാകട്ടെ. പാക്കിസ്താനിലെ അഹ്മദികളും തങ്ങൾക്കായി പ്രത്യേകം വിലപിച്ച് ദുആ ചെയ്യുക. മൂന്നു ദിവസത്തിന്റേയോ നാലു ദിവസത്തിന്റേയോ അല്ലെങ്കിൽ ഒരാഴ്ചയുടേയോ ദുആകളല്ല. സ്ഥായിയായി ദുആകൾ ചെയ്യുക. തങ്ങളുടെ ജീവിതം അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് വാർത്തെടുക്കുമെന്ന് പ്രതിജ്ഞ ചെയ്യുക.

ബുർക്കിനോ ഫാസോയിലെ അഹ്മദികൾക്കും ബംഗ്ലാദേശിലെ അഹ്മദികൾക്കും അൽജീരിയായിലെ അഹ്മദികൾക്കും ലോകത്തെല്ലാമുള്ള അഹ്മദികൾക്കുംവേണ്ടി ദുആ ചെയ്യുക. അല്ലാഹു എല്ലാ അഹ്മദികളേയും ശത്രുക്കളുടെ ദ്രോഹങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അവരുടെ ഈമാനിലും ഈഖാനിലും ശക്തി പ്രദാനം ചെയ്യുമാറാകട്ടെ.

അല്ലാഹു നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും പിന്നെ ദുആ ചെയ്യുന്നതിനും തൗഫീഖ് നല്കുകയും പിന്നീട് അത് സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ

THE WEEKLY
AL HAKAM
www.alhakam.org


നൂറുൽ ഇസ്‌ലാം
വകുപ്പിന്റെ
പ്രവർത്തന സമയം:
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.
1800 3010 2131
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**‘അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.’ (ജുമുഅ ഖുത്വ്ബ 4–10–2019)**

**• കലാമുൽ ഇമാം : •**

**“ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.”**
**(ഇസാലയെ ഔഹാം പേജ് 445)(സത്യദൂതൻ 1992 മാർച്ച് ലക്കം)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

**(2015 മെയ്, ജൂൺ)** വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**സ്ലോവേനിയ(Slovenia)സംഘം ഹുദൂറിനെ കാണുന്നു.**
സ്ലോവേനിയ(Slovenia) രാജ്യത്തു നിന്നു 4 ആളുകളടങ്ങുന്ന സംഘമാണ് വന്നത്.
ബൊട്ടാണിക്കൽ ഗാർഡനിൽ(Botanical Garden) സേവനം ചെയ്യുന്നു എന്ന് പറഞ്ഞ ഒരു സംഘാംഗത്തോട് ഹുദൂർ ചോദിച്ചു: താങ്കളുടെ ഗാർഡനിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ചെടികളുണ്ടോ?
അദ്ദേഹം പറഞ്ഞു: ഉണ്ട്.
രണ്ട് വനിതാ സംഘാംഗങ്ങൾ ട്രാൻസ്പോർട്ട് വിഭാഗത്തിൽ ജോലി ചെയ്യുന്നവരാണ്. ഈ അംഗങ്ങൾ ജൽസാ സാലാനയിൽ ആദ്യമായാണ് പങ്കെടുത്തത്.
അവർ പറഞ്ഞു: ജീവിതത്തിൽ ആദ്യമായാണ് ഞങ്ങൾ മുസ്‌ലിമീങ്ങളുടെ ഇത്രയും വലിയ പ്രോഗ്രാമിൽ പങ്കെടുക്കുന്നത്. ഇതു ഞങ്ങളെ വളരെയധികം ആകർഷിച്ചു. ഓരോന്നും വളരെ ബൃഹത്തായ സംവിധാനമായിരുന്നു. എല്ലാവരും പരസ്പരം സ്നേഹാദരവോടെ പെരുമാറുന്നു. ഉദാത്തമായ നിലവാരമുൾക്കൊള്ളുന്ന സംവിധാനങ്ങൾ!
ഹുദൂറിന്റെ അനുഗ്യഹീത വ്യക്തിത്വത്തിൽ അവർ വളരെ ആകർഷിതരാണെന്നും പറഞ്ഞു. ഹുദൂറിന്റെ വ്യക്തിത്വം പ്രശോഭിതമാണെന്നും അവർ തുടർന്ന് വെളിപ്പെടുത്തി. ജോലി സംബന്ധമായ കാര്യങ്ങൾ ഹുദൂർ അവരിൽനിന്ന് ചോദിച്ചറിഞ്ഞു. ഇസ്‌ലാമിനെ സംബന്ധിച്ച് എല്ലാ വിധത്തിലും സംതൃപ്തരായാണ് മടങ്ങുന്നതെന്നും അവർ പറഞ്ഞു. കൂടിക്കാഴ്ചക്കൊടുവിൽ അവർ ഹുദൂറിനോടൊപ്പം ഫോട്ടോയും എടുത്തു.

**അറേബ്യൻ സംഘം ഹുദൂറിനെ കാണുന്നു.**
500 പേരടങ്ങുന്ന സംഘമാണ് ഇപ്രാവശ്യം ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. ഇവരിൽ 300 അറബികൾ ജർമനിയിൽനിന്നും ബാക്കിയുള്ളവർ ഫ്രാൻസ്, ബെൽജിയം, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമാണ് ജൽസയിൽ പങ്കെടുക്കാനെത്തിയത്. എല്ലാവരുടേയും സുഖവിവരം ഹുദൂർ അന്വേഷിച്ചു.
ഹുദൂർ: ഫ്രാൻസിൽനിന്നു വന്നവർ കൈകളുയർത്തുക. അപ്പോൾ ഫ്രാൻസിൽനിന്നു വന്ന അറബികൾ കൈകളുയർത്തി.
ഹുദൂർ: ജർമനി, ബെൽജിയം അറബ് അഹ്മദികൾ അവരുടെ എണ്ണം വർധിപ്പിക്കേണ്ടതുണ്ട്. ഫ്രാൻസുകാർ മുമ്പോട്ടു കുതിക്കുകയാണ്.
നബി(സ)തിരുമേനിയുടെ സുവാർത്തയനുസരിച്ചു വന്ന മഹ്ദീ മസീഹിനെ സത്യവാനാണെന്ന് മനസ്സിലാക്കി നിങ്ങൾ സ്വീകരിച്ചു. അഹ്മദിയ്യത്തിനെ യഥാർഥ ഇസ്‌ലാം എന്ന് മനസ്സിലാക്കിയാണ് നിങ്ങൾ സ്വീകരിച്ചത്. അപ്പോൾപ്പിന്നെ, ഈ സന്ദേശത്തെ മുമ്പോട്ട് എത്തിക്കൽ നിങ്ങളുടെമേൽ നിർബന്ധകടമയാണ്. സ്വന്തം സഹോദരങ്ങളോടും പറയുക. തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കു വേണ്ടിയും ഇഷ്ടപ്പെടുകയെന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു മറ്റുളളവരെ അഹ്മദിയാക്കുക എന്നത് നിങ്ങളുടെ കർത്തവ്യമാണ്.
✷ ഒരു അറബ് സംഘാംഗം: ഇവിടെവന്ന് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം എനിക്ക് മനസ്സിലായി. ഇത് തീവ്രവാദത്തെ അവസാനിപ്പിക്കുന്നതാണ്. അഹ്മദിയ്യാ ജമാഅത്തു തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം. അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. ഇന്നാളുകളിൽ ഇറാഖിൽ വളരെയധികം തീവ്രവാദ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈയൊരു ദുരവസ്ഥയിൽനിന്ന് ഞങ്ങൾക്കെങ്ങനെ പുറത്ത് കടക്കാൻ സാധിക്കും?
ഇതിനു മറുപടിയായി ഹുദൂർ പറഞ്ഞു: ശാമിലും, സിറിയയിലും, മറ്റു രാജ്യങ്ങളിലും ഇതേ അവസ്ഥതന്നെയാണുള്ളത്. എല്ലായിടത്തും ഭീകരത കാണുന്നു. ഇത് സാധാരണക്കാരിലുണ്ടാകുന്ന അസ്വസ്ഥതയുടെ ഫലമാണ്. യഥാർഥ ഇസ്‌ലാം എങ്ങും കാണാത്തതായ അവസ്ഥകളാണ് സാധാരണക്കാർ കണ്ടുകൊണ്ടിരിക്കുന്നത്. ഏതൊരു ഇസ്‌ലാമാണോ ഇവരുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നത് അതിന് യഥാർഥ ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. ഈ അസ്വസ്ഥത അകറ്റുന്നതിനുവേണ്ടി നമ്മൾ ദുആ ചെയ്യുന്നു.
ഹുദൂർ പറഞ്ഞു: ഈ അസ്വസ്ഥത ദൂരീകരിക്കുന്നതിനുള്ള മാർഗവും അല്ലാഹു പറഞ്ഞുതന്നു. 1400 വർഷം മുമ്പേ നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. ഇസ്‌ലാമിന്റെ പേരുമാത്രം അവശേഷിക്കുയും എല്ലാം തകിടം മറിയുകയും ചെയ്യുന്ന അവസാനകാലത്ത് അല്ലാഹു ജനങ്ങളുടെ സന്മാർത്തിന് മസീഹിനേയും മഹ്ദിയേയും നിയോഗിക്കുന്നതാണ്. നിങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചുകൊള്ളണം. അതിനാൽ ആ മസീഹിനേയും മഹ്ദിയേയും സ്വീകരിക്കുമ്പോൾ നിങ്ങളുടെ അസ്വസ്ഥത നീങ്ങിപ്പോകുന്നതാണ്. ഇന്ന് അഹ്മദിയ്യ ജമാഅത്ത് തന്നെയാണ് യഥാർഥ ഇസ്‌ലാമിന്റെ ചിത്രം അവതരിപ്പിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ, കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നതിന്റെ ഫലമായി തന്നെയാണ് ഈ യഥാർഥ അധ്യാപനം ജമാഅത്തിൽ നടന്നു വരുന്നത്.
ഹുദൂർ ചോദിച്ചയാളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ദുൻയാവിൽ സമാധാനമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന വേറെയും ധാരാളം മാന്യന്മാരുണ്ട്. അതുകൊണ്ട് നിങ്ങളും മറ്റുള്ള മാന്യന്മാരും ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്.
✷ മിഡിൽ ഈസ്റ്റുമായി ബന്ധമുള്ള ഒരു അറേബ്യൻ സുഹൃത്ത് ശിയാക്കളെ സംബന്ധിച്ച് എന്താണ് മനസ്സിലാക്കുന്നത്? എന്ന് ചോദിച്ചു. അയാൾ ചോദിച്ചു, ഇറാഖിൽ ഈ ഭീകര പ്രവർത്തനം അവസാനിപ്പിക്കാൻ എന്താണ് ചെയ്യേണ്ടത്? അവിടെ മുബല്ലിഗുമാരെ അയച്ചാൽ മതിയോ? അല്ലെങ്കിൽ എന്തു മാർഗമാണ് സ്വീകരിക്കേണ്ടത്?
ഹുദൂർ പറഞ്ഞു: ഇറാഖ് മാത്രമല്ല. ലിബിയയുമുണ്ട്. അവിടെ വിവിധ ഗോത്രക്കാർ അക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. സിറിയയുമുണ്ട്. ഇവിടേയും വിവിധ സംഘങ്ങൾ അക്രമത്തിൽ വീണിരിക്കുന്നു.
ഹുദൂർ പറഞ്ഞു: ഭരണകൂടങ്ങൾ ഒത്തുചേർന്ന് ഇരിക്കട്ടെ. ഇസ്‌ലാമിക രാജ്യങ്ങളുടെ ഓർഗനൈസേഷനുകൾ(OIC) അന്യരാജ്യങ്ങളിലേക്കും വൻശക്തികളിലേക്കും നോക്കുന്നതിനു പകരം തങ്ങളുടെ രാജ്യങ്ങളിലെ നേതാക്കന്മാരെ എന്തുകൊണ്ട് സംഘടിപ്പിക്കുന്നില്ല? സ്വന്തം നേതാക്കളെ ഓർഗനൈസ് ചെയ്യുക. കൂടിച്ചേർന്നിരിക്കുക. മനുഷ്യത്വത്തിന്റെ മൂല്യങ്ങൾ സ്ഥാപിക്കുക. നമ്മുടെയെല്ലാവരുടേയും ദൈവം ഒരുവനാണ്, ഒരേയൊരു റസൂലാണ്, ഒരേയൊരു ഗ്രന്ഥത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണ്. അപ്പോൾപ്പിന്നെ തങ്ങളുടെ ഭിന്നതകൾ വിട്ടുകൊണ്ട് മാനുഷികമായ മൂല്യങ്ങൾ സ്വായത്തമാക്കുകയും സംഘടിക്കുകയും ചെയ്യുക.
ഹുദൂർ പറഞ്ഞു: ഇത് ഒരാളുടെ പ്രവൃത്തിയല്ല. ജുമുഅ ഖുത്ബകളിൽ ഞാൻ ശ്രദ്ധക്ഷണിച്ചുകൊണ്ടിരിക്കുന്നുണ്ട്. അറേബ്യൻ രാജ്യങ്ങളുടെ അവസ്ഥകൾ പറഞ്ഞുകൊണ്ട് ജമാഅത്തിനോടു ദുആ ചെയ്യാൻ പറയാറുണ്ട്. സംഘടിക്കാനും കൂടിച്ചേർന്നിരുന്ന് ചർച്ചകൾ നടത്താനും പറഞ്ഞ് മുസ്‌ലിം നേതാക്കന്മാർക്കും മനസ്സിലാക്കിക്കൊടുക്കുന്നു. എന്തിനാണ് മറ്റുളളവരുടെ പിന്നാലെ നടന്ന് തങ്ങളെത്തന്നെ നശിപ്പിക്കുന്നത്? നമ്മുടെയിടയിൽ എല്ലാവർക്കും സമ്മതമായ കാര്യങ്ങളിൽ വരാനും ചർച്ചചെയ്യാനും പറയേണ്ടതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ നിയമം തന്നെയാണ് പറഞ്ഞത്. *തആലൗ ഇലാ കലിമത്തിൻ സവാഇൻ ബയ്നനാ വ ബയ്നക്കും* ഞങ്ങളുടേയും നിങ്ങളുടേയും സർവസമ്മതമായ ഒരു കാര്യത്തിലേക്ക് വരിക
ഹുദൂർ പറഞ്ഞു: ഗ്രന്ഥാനുസാരികളുമായി ഇക്കാര്യം സാധ്യമാണെങ്കിൽ മുസ്‌ലിമീങ്ങളുമായി ഇതെന്തുകൊണ്ട് സാധ്യമാകുകയില്ല? ഇക്കാലത്ത് മനുഷ്യത്വത്തിന്റെ ആവശ്യമുണ്ട്. മാനുഷികമായ മൂല്യങ്ങൾ സ്ഥാപിക്കേണ്ട ആവശ്യമുണ്ട്. എല്ലാവരും ഇതിൽ സംഘടിക്കേണ്ടതാണ്.
ഹുദർ പറഞ്ഞു: വൻശക്തികൾ ഈ മുസ്‌ലിം രാജ്യങ്ങളെ തകർക്കുന്നതിനുള്ള ശ്രമത്തിലാണ്. അപ്പോൾ ഇവർ എന്തിനാണ് പരസ്പരം വേറിട്ടുനില്ക്കുന്നത്. എന്തുകൊണ്ട് സംഘടിച്ചു നിൽക്കുന്നില്ല.
ഹുദൂർ പറഞ്ഞു: ഇതൊരു ഫലിതമാണ്. ആരോ കുറച്ചുദിവസംമുമ്പേ എനിക്കയച്ചുതന്നതാണ്. ഒരാൾ നദിയിൽ ആത്മഹത്യ ചെയ്യാൻ പോകുകയാണ്. അപ്പോൾ രണ്ടാമൻ അയാളെ തടയുന്നു. നിങ്ങൾ മുസ്‌ലിമാണോ? എന്ന് അയാളോടു ചോദിക്കുന്നു. ഏതു കക്ഷിയുമായിട്ടാണ് നിങ്ങളുടെ ബന്ധം. ഏത് ആശയക്കാരുമായിട്ടാണ് ബന്ധം? ആത്മഹത്യ ചെയ്യാൻ തീരുമാനിച്ച മുസ്‌ലിം പറഞ്ഞു: ഞാൻ ഇന്ന മൗലവിയുടെ പിന്നിൽപ്പോയാണ് നമസ്കരിക്കുന്നത്. അപ്പോൾ ഈ തടയുന്ന മുസ്‌ലിം പറയുകയാണ്, അപ്പോൾപ്പിന്നെ നിങ്ങൾ കാഫിറാണ്. ആ നദിയിലേക്ക് തള്ളിമറിച്ചിട്ടാൽ നിങ്ങൾ മരിക്കുന്നത് ആ കുഫ്റിനെക്കാൾ നല്ലതാണ്.
ഹുദൂർ പറഞ്ഞു: അവസ്ഥകൾ ഇങ്ങനെയാകുമ്പോൾ പിന്നെന്താണ് ചെയ്യാൻ കഴിയുക? അതുകൊണ്ട് നിങ്ങളുടെ ഭിന്നതകൾ ദൂരീകരിക്കുക. അപ്പോൾ മാത്രമെ ഇക്കൂട്ടർ രക്ഷപ്പെടുകയുള്ളു. ഒരു അറബ് സുഹൃത്ത് ശിയാക്കളെ സംബന്ധിച്ച് ചോദിച്ചു. ജമാഅത്ത് അവരെ എന്താണ് മനസ്സിലാക്കുന്നത്. ശിയാക്കൾ ഖലീഫമാരുടെമേൽ മാലിന്യം എറിയുന്നവരാണ്. ഹദ്റത്ത് ആഇശ(റ)യുടെ മേൽ മാലിന്യം എറിയുന്നു. മറ്റു ചില സ്വഹാബിമാരേയും അതും ഇതും പറയുന്നു. അവരെക്കുറിച്ച് ജമാഅത്തിന്റെ അഭിപ്രായമെന്താണ്? ജമാഅത്ത് അവരെ കാഫിറായി കരുതുന്നുണ്ടോ?
ഹുദൂർ പറഞ്ഞു: ആരാണോ സ്വഹാബത്തിനെ കാഫിറെന്ന് പറയുന്നത് ബദ്രീങ്ങളേയും മറ്റു സ്വഹാബത്തിനേയും കാഫിറെന്ന് കരുതുന്നത് അവരുടെമേൽ നബി(സ)തിരുമേനിയുടെ ഫത്വയാണുള്ളത്. നമ്മുടേതായ ഒരു ഫത്വയുമില്ല. നബി(സ)തിരുമേനി പറഞ്ഞു: *മൻ കഫറ മുസ്‌ലിമൻ ആദ ഇലയ്ഹി കുഫ്റുഹു* ഏതെങ്കിലും മുസ്‌ലിമിനെ കാഫിർ എന്നു പറയുന്നവൻ അവന്റെ കുഫ്ർ അവനിലേക്കുതന്നെ മടങ്ങുന്നു. അപ്പോൾ നബി(സ)തിരുമേനിയുടെ ഫത്വയാണ് അവനുണ്ടാകുക. മറ്റൊരു ഫത്

(ശേഷം പേജ് 11 ൽ)

# ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

## വിവർത്തനം: മുഹമ്മദു ഇസ്മായീൽ

**ജനനം**: ചരിത്രത്തിൽ ഹദ്റത്ത് ഫാത്വിമയുടെ(റ) ജന്മവർഷത്തെ സംബന്ധിച്ച് അഭിപ്രായഭിന്നതകൾ കാണുന്നുണ്ട്. പക്ഷേ, മിക്ക നിവേദനങ്ങളിൽനിന്നും മനസ്സിലാകുന്നത് കഅ്ബദേവാലയത്തിന്റെ സമ്പൂർണ പുനർനിർമാണം നടന്നുകൊണ്ടിരുന്ന വർഷമാണ് ഹദ്റത്ത് ഫാത്വിമ(റ) ജനിച്ചതെന്നാണ്.

ഹദ്റത്ത് ഫാത്വിമ(റ), നബി(സ)തിരുമേനിക്ക് പ്രവാചതകത്വം ലഭിക്കുന്നതിന് ഏകദേശം 5 വർഷം മുമ്പേ ജനിച്ചു. ഒന്നിലധികം നിവേദനങ്ങളനുസരിച്ച് ജമാദുൽആഖിർ 20-ന് ജുമുഅ ദിവസം അതിരാവിലെയാണ് ജനിച്ചത്. അപ്പോൾ നബി(സ)യ്ക്ക് 35 വയസ്സും ഹദ്റത്ത് ഖദീജത്തുൽ കുബ്റാ(റ)ക്ക് 50 വയസ്സുമായിരുന്നു.

**ശരീരപ്രകൃതി**: ഹദ്റത്ത് ഫാത്വിമയുടെ(റ) ശരീരപ്രകൃതി നബി(സ)തിരുമേനിയോടു നല്ലവണ്ണം സാമ്യമുള്ളതായിരുന്നു. ഹദ്റത്ത് ആയിശാ(റ) നിവേദനം. ഹദ്റത്ത് ഫാത്വിമായുടെ നടപ്പും ഇരുപ്പും എഴുന്നേക്കലും, സംസാരരീതിയുമെല്ലാം തികച്ചും നബി(സ)തിരുമേനിയെപ്പോലെയായിരുന്നു. അതീവ സുന്ദരിയുമായിരുന്നു.

**സ്ഥാനപ്പേര്**: ഫാത്വിമ എന്നായിരുന്നു പേര്. ത്വാഹിറ, ബതൂൽ (കുമാരി), സഹ്റാ (അതീവസുന്ദരി) തുടങ്ങിയസ്ഥാനപ്പേരും ഉണ്ടായിരുന്നു.

**ശിക്ഷണം പരിപാലനം**: പരിശുദ്ധമായ സ്വഭാവങ്ങളുടെ ഉടമയായിരുന്നു ഹദ്റത്ത് ഖദീജ(റ). അതേ ഉന്നതമായ സ്വഭാവങ്ങളുടെ ഉടമകളായിരുന്നു ആ മഹതിയുടെ മക്കളും. ഹദ്റത്ത് ഖദീജ(റ), ഫാത്വിമയ്ക്കും നല്ല രീതിയിൽ ശിക്ഷണം നല്കി വളർത്തി . ഹദ്റത്ത് ഫാത്വിമ(റ) ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുന്നവരും ധാരാളമായി ആരാധനാകർമങ്ങളിൽ മുഴുകുന്നവരുമായിരുന്നു. ആത്മീയവും ഭൗതികവുമായ എല്ലാതരം ശിക്ഷണവും അവർക്കു ലഭിച്ചു. ഇക്കാരണത്താൽ ഉന്നതമായ സ്വഭാവങ്ങളുടെ ഉടമയായി അവർ മാറി. അല്ലാഹുവിനേയും അവന്റെ പ്രിയപ്പെട്ട ദൂതനേയും (ആ മഹാത്മാവ് ഫാത്വിമയുടെ പിതാവാണെന്ന കാര്യം ഓർക്കുക) സത്യസന്ധമായും പൂർണഹൃദയത്തോടെയും അനുസരിച്ചിരുന്നു.

**വിവാഹത്തിനു മുമ്പേ**: ഹിജറ 10-ാം വർഷം ഹദ്റത്ത് ഖദീജ(റ) ഇഹലോകവാസം വെടിഞ്ഞു. അപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)ക്ക് 15 വയസ്സായിരുന്നു. നബി(സ) തിരുമേനിക്കു ഹദ്റത്ത് ഫാത്വിമയോടും ഹദ്റത്ത് ഫാത്വിമ(റ)ക്ക് നബി(സ)തിരുമേനിയോടും അതിരറ്റ സ്നേഹമാണുണ്ടായിരുന്നത്. നബി(സ) പ്രവാചകത്വം പ്രഖ്യാപിച്ചപ്പോൾ ബിംബാരാധകരായിരുന്ന ഖുറയ്ശികൾ ആ മഹാത്മാവിനെ വല്ലാതെ ഉപദ്രവിക്കാൻ തുടങ്ങി. ശാരീരികമായും പീഢിപ്പിച്ചു. നബി(സ) നടക്കുന്ന വഴിയിൽ മുള്ളുകൾ വിതറി. മുള്ളുകൾ തറച്ച് കാലുകളിൽനിന്ന് ചോരഒഴുകുമായിരുന്നു. ഒരു ദിവസം നബി(സ) കഅ്ബ ദേവാലയത്തിൽ നമസ്കരിക്കുമ്പോൾ ഉഖ്ബബിൻ അബീ മുഈത്ത് എന്ന ദുർഭഗൻ ഒട്ടകത്തിന്റെ കുടൽ ആ മഹാത്മാവിന്റെ പിരടിയിൽ കൊണ്ടുപോയിട്ടു. അക്രമികളായ ഖുറയ്ശികൾ അതു കണ്ട് രസിച്ച് കുലുങ്ങിക്കുലുങ്ങി ചിരിച്ച് സന്തോഷം കൊള്ളുകയായിരുന്നു. കുട്ടിയായിരുന്നിട്ടും ഹദ്റത്ത് ഫാത്വിമ(റ) ആ വാർത്തകേട്ട് അവിടെ ഓടിയെത്തുകയും തന്റെ പ്രിയപ്പെട്ട പിതാവിന്റെ പിരടിയിൽനിന്ന് കുഞ്ഞിക്കൈകൾകൊണ്ട് അത് ഇറക്കി വെക്കുകയും ചെയ്തു.

ഹദ്റത്ത് ഖദീജായുടെ മരണശേഷം ഹദ്റത്ത് ഫാത്വിമ(റ) അങ്ങേയറ്റം ദുഃഖിതയായി കാണപ്പെട്ടു. വിഷമങ്ങൾ കടിച്ചിറക്കിയാണ് ജീവിച്ചുപോന്നത്. ഉമ്മയുടെ വേർപാടിന്റെ ദുഃഖം മനസ്സിൽ എപ്പോഴും തളംകെട്ടി നില്ക്കുക എന്നതു സ്വാഭാവികമാണല്ലോ? പക്ഷേ, നബി(സ)യുടെ അതിയായ സ്നേഹം ഫാത്വിമയ്ക്ക് എപ്പോഴും ലഭിച്ചുകൊണ്ടിരുന്നു. തന്റെ പ്രിയപ്പെട്ട മകളുടെ ദുഃഖം ശരിക്കും മനസ്സിലാക്കിയിരുന്ന നബി(സ)തിരുമേനി പല രീതിയിലും ഫാത്വിമയെ സമാധാനിപ്പിച്ചു. അങ്ങനെ ഹദ്റത്ത് ഫാത്വിമ(റ) മെല്ലെ മെല്ലെ വീട്ടുകാര്യങ്ങളിൽ വ്യാപൃതയാവാൻ തുടങ്ങി. ആരാധനാകർമങ്ങളിൽ ഒരിക്കലും അശ്രദ്ധ കാണിച്ചില്ല. സന്തോഷം കണ്ടെത്തിയിരുന്നത് സൃഷ്ടികൾക്കു സേവനം ചെയ്യുന്നതിലും സാധുക്കളെ സഹായിക്കുന്നതിലുമായിരുന്നു.

**നിക്കാഹ്**: ഹദ്റത്ത് ഫാത്വിമയുടെ(റ) നിക്കാഹ് വിളംബരം ഹിജറ 2-ാം വർഷം ദുൽഹജ്ജ് മാസത്തിൽ നബി(സ) തന്നെയാണ് നടത്തിയത്. അപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)ക്ക് പതിനഞ്ചര വയസ്സായിരുന്നു. നിവേദനങ്ങളിൽ വന്നിരിക്കുന്നു, ആദ്യം ഹദ്റത്ത് അബൂബക്കർ(റ) വിവാഹാഭ്യർഥനയുമായി നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. നബി(സ)പറഞ്ഞു: 'അബൂബക്കറേ! അല്ലാഹുവിന്റെ തീരുമാനം കാത്തിരിക്കുക.' 'അല്ലാഹുവിന്റെ കല്പനയായിരിക്കും നടക്കുക' എന്നു പറഞ്ഞതായിട്ട് മറ്റൊരു നിവേദനത്തിലും കാണുന്നുണ്ട്. ഹദ്റത്ത് അബൂബക്കറിനു ശേഷം ഹദ്റത്ത് ഉമറും(റ) ഈ ഭാഗ്യം കരസ്ഥമാക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് അബൂബക്കറിനു കൊടുത്ത അതേ മറുപടി തന്നെയാണ് നബി(സ) ഹദ്റത്ത് ഉമറിനും കൊടുത്തത്.

**ഹദ്റത്ത് അലിയുടെ അഭ്യർഥന**: അക്കാലത്ത് ഹദ്റത്ത് അലി(റ) വളരെ കഷ്ടപ്പെട്ടും വിഷമിച്ചും ജീവിച്ചുവരികയായിരുന്നു. ഹദ്റത്ത് ഫാത്വിമ(റ)യെ വിവാഹം കഴിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിനുമുണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനിയോടു അതു പറയാനുള്ള ധൈര്യം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഹദ്റത്ത് അബൂബക്കറിനും ഹദ്റത്ത് ഉമറിനും കിട്ടിയ മറുപടി കൂടി അറിഞ്ഞപ്പോൾ മടിയും തോന്നി. അൻസ്വാരികളായ ചില സ്വഹാബാക്കൾ, ചില നിവേദനങ്ങളനസരിച്ച് ഹദ്റത്ത് ഉമറും(റ) അവരിലുണ്ടായിരുന്നു, നബി(സ)തിരുമേനിയോട് വിവാഹാഭ്യർഥന നടത്താൻ ഹദ്റത്ത് അലിയോടു(റ) പറഞ്ഞു. തുടർന്ന് ഹദ്റത്ത് അലി ഒരു ദിവസം നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി തലകുനിച്ചിരുന്നു. വന്ന കാര്യം എന്താണെന്ന് നബി(സ) ചോദിച്ചു. ഹദ്റത്ത് അലി(റ) പറഞ്ഞു: 'കുട്ടിക്കാലത്തുതന്നെ ഉമ്മയിൽനിന്നും ഉപ്പയിൽനിന്നും വേർപ്പെട്ടു വന്നവനാണ്. അങ്ങയുടെ വീട്ടിലാണ് താമസിക്കുന്നതും. ഫാത്വിമയുമായി എന്റെ നിക്കാഹ് നടക്കാൻ വല്ല സാധ്യതയുമുണ്ടോ?' ഹദ്റത്ത് അലിയുടെ വാക്കുകൾകേട്ട് നബി(സ) പുഞ്ചിരിച്ചു. നിശബ്ദനായിരിക്കുകയും ചെയ്തു. മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്, ഹാശ്മി കുടുംബത്തിലേയും അൻസ്വാരീ കുടുംബത്തിലേയും ചിലയാളുകൾ ഹദ്റത്ത് അലിയുടെ അടുക്കൽ വന്നു. സംസാരത്തിന്നിടയിൽ ഫാത്വിമയെ നിക്കാഹു ചെയ്തു തരാൻ എന്തു കൊണ്ട് നബിയോടു(സ) പറയുന്നില്ല എന്ന് അവർ ഹദ്റത്ത് അലിയോടു ചോദിച്ചു. അപ്പോൾ ഹദ്റത്ത് അലി(റ) അവരോടു പറഞ്ഞു: 'ആ വലിയ ആളുകളുടെ വിവാഹാഭ്യർഥന നിരസിച്ച സ്ഥിതിയ്ക്ക് എന്റെ അപേക്ഷ സ്വീകരിക്കുമെന്ന് ഞാനെന്തിനു പ്രതീക്ഷിക്കണം! ആ സുഹൃത്തുക്കൾ പറഞ്ഞു: 'താങ്കൾ നബിയുടെ(സ) അടുത്ത ബന്ധുവാണ്. നബിയാണെങ്കിൽ(സ) താങ്കളെ വളരെ സ്നേഹിക്കുന്നുമുണ്ട്. നബിയുടെ(സ) തണലിലാണ് താങ്കൾക്കു ശിക്ഷണം ലഭിച്ചിട്ടുള്ളതും. അതുകൊണ്ടു താങ്കളുടെ അഭ്യർഥന നിരസിക്കാൻ പഴുതൊന്നും കാണുന്നില്ല.' ഇക്കാര്യം ഹദ്റത്ത് അലിയുടെ(റ) തലയിൽ നല്ലവണ്ണം തറച്ചു.

ഒരു ദിവസം രണ്ടും കല്പിച്ച് നബിയുടെ(സ) സന്നിധിയിൽ ഹാജരായി. സലാം ചൊല്ലി മിണ്ടാതെ ഇരുന്നു. നബി(സ)ചോദിച്ചു: 'അബൂത്വാലിബിന്റെ മകനേ! എന്താണ് വന്നത്?' ഹദ്റത്ത് അലി വളരെ മെല്ലെ പറഞ്ഞു, 'അങ്ങയോടു ഫാത്വിമയെ(റ) എനിക്കു വിവാഹം കഴിച്ചു തരണമെന്ന് അപേക്ഷിക്കാനാണ് ഞാൻ ഇപ്പോൾ വന്നിട്ടുള്ളത്.' അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു: '*മർഹബൻ വ്വ അഹ്ലൻ*.' അതായതു സ്വാഗതം! ഹദ്റത്ത് അലി വെളിയിൽ വന്നപ്പോൾ സ്വാഹാബാക്കൾ വിവരങ്ങൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'കാര്യം അറിയിച്ചപ്പോൾ നബി(സ) പുഞ്ചിരിച്ചു. പിന്നീട് നിശബ്ദനായി. *മർഹബൻ വ്വ അഹ്ലൻ* എന്നും പറഞ്ഞു. അത്രമാത്രം. ഈ സ്ഥിതിക്കു എന്റെ അപേക്ഷ സ്വീകരിച്ചോ എന്ന് എനിക്കെങ്ങനെയാണ് പറയാൻ കഴിയുക?' എല്ലാവരും പറഞ്ഞു: 'തീർച്ചയായും അല്ലാഹുവിന്റെ ദൂതൻ(സ) താങ്കളുടെ അപേക്ഷ സ്വീകരിച്ചിരിക്കുന്നു, ഇനി താങ്കൾ അതിനെക്കുറിച്ച് ചിന്തിക്കേണ്ട.'

മറ്റൊരു നിവേദനം ഇങ്ങനേയും വന്നിട്ടുണ്ട്. ആ അവസരത്തിൽ ഹദ്റത്ത് അലിയോട്(റ), നബി(സ)തിരുമേനി ചോദിച്ചു: 'മഹ്ർ കൊടുക്കാൻ നിന്റെ കൈയിൽ എന്താണുള്ളത്?' ഹദ്റത്ത് അലി(റ) പറഞ്ഞു: 'എന്റെ അവസ്ഥ അങ്ങയുടെ മുമ്പിലുണ്ട്.' നബി(സ)ചോദിച്ചു: 'ബദ്ർ യുദ്ധാവസരത്തിൽ നിനക്കു തന്ന ആ പടയങ്കി എവിടെയാണുള്ളത്?' അതിനു പുറമെ അലിയുടെ കൈയിൽ വിരിച്ചുകിടക്കുന്ന ഒരു തോലും ഒരു വാളും ഒരൊട്ടകവും ഒരു പഴയ പുതപ്പും ഉണ്ടായിരുന്നു. പിന്നീടു നബി(സ) അകത്ത് ഹദ്റത്ത് ഫാത്വിമയുടെ(റ) അടുക്കൽപോയി. ഹദ്റത്ത് ഫാത്വിമ(റ) അപ്പോൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയായിരുന്നുവെന്ന് ഒരു നിവേദനത്തിൽ കാണുന്നു. നബി(സ)തിരുമേനി തന്റെ മകളോടു പറഞ്ഞു: 'അലി നിന്നേ തേടി വന്നിരിക്കുകയാണ്.' അതു കേട്ടപ്പോൾ ഫാത്വിമ നാണംകൊണ്ടു തല കുനിച്ചു. നബി(സ) ഫാത്വിമയെ നോക്കിക്കൊണ്ടിരുന്നു. പിന്നീടു പറഞ്ഞു: 'നിന്റെ മൗനം തന്നെയാണ് നിന്റെ സമ്മതം.' അതുകേട്ടപ്പോൾ ഹദ്റത്ത് ഫാത്വിമ(റ) കൂടുതൽ നാണിച്ചു. പിന്നീടു നബി(സ) വെളിയിൽ വന്നു. ഹദ്റത്ത് അലിയോടു പറഞ്ഞു: 'ഫാത്വിമയുമായി നിന്റെ നിക്കാഹ് നടത്തുന്നത് എനിക്കു സമ്മതമാണ്. നിന്റെ പടയങ്കി

**• കലാമുൽ ഇമാം: •**

**"മുസ്ലിമീങ്ങളിൽ എന്നിൽനിന്ന് അകന്നിരിക്കുന്നവൻ ആരായാലും അയാൾ മുറിച്ചുനീക്കപ്പെടുമെന്നത് ദൈവനിശ്ചയമാകുന്നു; അയാൾ ഭരണാധികാരിയായാലും ഭരണീയനായാലും ശരി."**

**(തദ്ക്കിറ പേജ് 307)**


**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**


**• കലാമുൽ ഇമാം: •**

**"ഞാൻ പരിശുദ്ധനായ ദൈവത്തിന്റെ തോട്ടമാകുന്നു. എന്നെ കൊത്തിനശിപ്പിക്കാനാഗ്രഹിക്കുന്നവൻതന്നെ കൊത്തിനശിപ്പിക്കപ്പെടും." (നിശാനെ ആസ്മാനീ പേജ് 370)**


**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

വിറ്റുകൊള്ളുക. അതിൽനിന്ന് സാധനങ്ങളും വാങ്ങുക. മഹ്റും കൊടുക്കാൻ കഴിയും.'

ഈ വിവരം ഹദ്റത്ത് അലി(റ) ഹദ്റത്ത് അബൂബക്കറിനേയും ഹദ്റത്ത് ഉമറിനേയും മറ്റു അൻസ്വാറുകളേയും സ്വഹാബാക്കളേയും (റദിയല്ലാഹു അൻഹും) ഹദ്റത്ത് അലി അറിയിച്ചപ്പോൾ അവരെല്ലാം സന്തോഷിച്ചു. ഇതു തന്നെയാണ് തങ്ങളും പ്രതീക്ഷിച്ചിരുന്നതെന്ന് അവർ പറഞ്ഞു. ഹദ്റത്ത് അലി പടയങ്കി 480 ദർഹമിനു വിറ്റു. ആ തുക ഉറുമാലിൽ പൊതിഞ്ഞ് നബി(സ)തിരുമേനിക്കു കൊടുത്തു. അതിൽനിന്ന് കുറച്ചു തുക നബി(സ) എടുത്തിട്ട് ബാക്കിയുള്ളത് ഹദ്റത്ത് ബിലാലി(റ)ന് കൊടുത്തുകൊണ്ടു പറഞ്ഞു: 'അങ്ങാടിയിൽപോയി പരിമള വസ്തുക്കൾ വാങ്ങിവരിക.' മിച്ചമുള്ള തുക മറ്റു സാധനങ്ങൾ വാങ്ങാൻ അലിയെതന്നെ ഏല്പിക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ അത്യാവശ്യസാധനങ്ങൾ വാങ്ങാൻ ആ തുക ഏല്പിച്ചത് ഹദ്റത്ത് ഉമ്മുസലമ(റ)യെയാണെന്നും കാണുന്നുണ്ട്. (നബിയ്ക്ക്(സ) പരിമള വസ്തുക്കൾ വളരെയേറെ ഇഷ്ടമായിരുന്നു).

ഈ അവസരത്തെ സംബന്ധിച്ച് ഒരു നിവേദനം ഇങ്ങനേയും കാണുന്നുണ്ട്.പടയങ്കി വില്ക്കാൻ നബി(സ) ഹദ്റത്ത് അലിയോടു പറഞ്ഞപ്പോൾ, ഹദ്റത്ത് അലി അതും കൊണ്ട് അങ്ങാടിയിൽച്ചെന്നു. ആ പടയങ്കി കണ്ടപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) അതു വിലക്കുവാങ്ങി. 400 ദർഹം ഹദ്റത്ത് അലിയ്ക്കു കൊടുത്തുകൊണ്ടു പറഞ്ഞു: 'അലീ! ഈ പടയങ്കി താങ്കളുടെ കൈയിലിരിക്കുന്നത് ഏറെ നല്ലതായി എനിക്കു തോന്നുന്നു. ഈ തുകയും താങ്കൾതന്നെ വെച്ചുകൊള്ളുക.' ഹദ്റത്ത് അലി തിരിച്ചു വന്ന് നടന്ന കാര്യങ്ങളെല്ലാം നബിയോടു(സ) പറഞ്ഞു. 400 ദർഹം നബിയ്ക്കു(സ) കൊടുക്കുകയും ചെയ്തു. അതിൽനിന്ന് 360 ദർഹം സാധനങ്ങൾ വാങ്ങാൻ നബി(സ) ഹദ്റത്ത് അബൂബക്കറിനെ ഏല്പിച്ചു. ഹദ്റത്ത് അബൂബക്കർ(റ) അതുകൊണ്ട് പരിമളവസ്തുക്കൾ, ഒരു കിടക്ക, പഞ്ഞിനിറച്ച തുകലുകൊണ്ടുള്ള ഒരു തലയണ, വെള്ളം കുടിക്കാനുള്ള മണ്ണിന്റെ കുറച്ചു കോപ്പകൾ, ഒരു പാനപാത്രം, കൈയിൽകെട്ടുന്ന രണ്ടു വെള്ളി ആഭരണവും വാങ്ങി. ബാക്കി 40 ദർഹം ഹദ്റത്ത് അലിക്കു കൊടുത്തുകൊണ്ടു പറഞ്ഞു: 'നിക്കാഹിനു ശേഷം വിതരണം ചെയ്യാൻ മിഠായിയും ഈത്തപ്പഴവും കുറച്ചു നെയ്യും വാങ്ങി വരിക.' അതുകൊണ്ട് ഒരുതരം അലുവായും ഉണ്ടാക്കി. നബി(സ)തിരുമേനി നിക്കാഹ് വിളംബരം ചെയ്തു. നബി(സ)യുടെ നിർദേശപ്രകാരം ഹദ്റത്ത് അലി(റ) വെളിയിൽവന്നു മുസ്‌ലിംകളെ അകത്തേക്ക് വിളിക്കുകയും അവർക്കു ഭക്ഷണം കൊടു ക്കുകയും ചെയ്തു. നിക്കാഹിന്റെ ഈ സന്തോഷവേളയിൽ ദഫ് മുട്ടും ഉണ്ടായിരുന്നുവെന്ന് ചരിത്രത്തിൽ കാണുന്നുണ്ട്. നിക്കാഹിനു കുറച്ചു മാസങ്ങൾക്കുശേഷം വീടുകൂടലും നടന്നു.

**നിക്കാഹ് ഖുത്വ്ബഃ** ഹദ്റത്ത് ഫാത്വിമയുടെ നിക്കാഹിന്റെ അവസരത്തിൽ നബി(സ)തിരുമേനി സ്വഹാബാക്കളെ ഒരുമിച്ചുകൂട്ടി. എല്ലാ മുഹാജിരീംകളും അൻസ്വാറുകളും അതിൽ പങ്കെടുത്തു. നബി(സ) നിക്കാഹ് പ്രഭാഷണത്തിൽ പറഞ്ഞു: 'ഞാൻ അല്ലാഹുവിന് നന്ദി പറയുന്നു. തന്റെ അനുഗ്രഹങ്ങൾ കാരണത്താൽ അവൻ സർവസ്തുതിയ്ക്കും അർഹനാണ്. തന്റെ പ്രതാപംകൊണ്ടു ആരാധനയ്ക്കു അർഹനാണ്. അവന്റെ ഭരണാധിപത്യം എല്ലായിടത്തും നിലകൊള്ളുന്നു. ഭൂമിയിലും ആകാശത്തിലും അവന്റെ ഭരണാധിപത്യമാണ് നടക്കുന്നത്. പിന്നീടു തന്റെ കല്പന നടപ്പിൽ വരുത്താൻ അവയെ പരസ്പരം വേർപ്പെടുത്തി. തന്റെ മതത്തിന്റെ ഉന്നതിക്കായി തന്റെ നബി മുഖേന അവയ്ക്ക് നിലയുംവിലയും നല്കി. അല്ലാഹു വിവാഹം ഒരു നിർബന്ധകാര്യമായി നിശ്ചയിച്ചിരിക്കുന്നുവെന്നതിൽ സംശയമില്ല. അവൻ പറയുന്നു: *വ ഹുവല്ലദീ ഖലഖ മിനൽമാഇ ബശ്റൻ വ ജഅലഹൂ നസ്ബൻ വ സ്വഹ്റൻ വ കാന റബ്ബിക്ക ഖദീറാ* അല്ലാഹു തന്റെ എല്ലാ പ്രവർത്തിയും തന്റെ വിധിക്കു അനുസൃതമാക്കി. അവന്റെ വിധി, ശക്തിപ്രഭാവത്തിനു(ഖുദ്റത്ത്)വിധേയമാണ്. എല്ലാ വിധിയും വിധിക്കപ്പെട്ടിട്ടുള്ളതാണ്. വിധി നടപ്പിൽ വരുന്നതിന് സമയം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഓരോ വിധിയ്ക്കും ഗ്രന്ഥമുണ്ട്. ഫാത്വിമയുടെ നിക്കാഹ് അലിയുമായി നടത്താൻ അല്ലാഹു എന്നോടു കല്പിച്ചിരിക്കുന്നു. 400 മിഥ്ക്കാൽ വെള്ളിയ്ക്കു പകരം ഞാൻ അലിയുടെ നിക്കാഹ് എന്റെ മകളുമായി നടത്തിയിരിക്കുന്നുവെന്നതിന് നിങ്ങളെ സാക്ഷിയാക്കുന്നു. ഖുത്വ്ബ നിർവഹിച്ചതിനു ശേഷം നബി(സ) അവർക്കു രണ്ടുപേർക്കുംവേണ്ടി ദുആ ചെയ്തു. ദുആയ്ക്കു ശേഷം ഈത്തപ്പഴം കൊണ്ടുവന്നു. വന്നവരോട് അതു കഴിച്ചുകൊള്ളാൻ നബി(സ)ആംഗ്യത്തിൽ പറഞ്ഞു.

**വീടുകൂടൽ**: നിക്കാഹ് കഴിഞ്ഞ് മാസങ്ങൾക്കു ശേഷമാണ് ഹദ്റത്ത് ഫാത്വിമയുടെ വീടുകൂടൽ നടന്നത്. സമ്പന്നന്റെ മകളായാലും ദരിദ്രന്റെ മകളായാലും മാതാപിതാക്കളുടെ വീട്ടിൽനിന്ന് വിടപറഞ്ഞു പോകുമ്പോൾ വിഷമം ഉണ്ടാകുകയെന്നത് സ്വാഭാവികമാണ്. സ്വയമേവ കരച്ചിൽ വരും. വിടപറയുന്ന നേരത്ത് ഹദ്റത്ത് ഫാത്വിമ(റ) വേർപാടിന്റെ ദുഃഖം താങ്ങാനാവാതെ കരയുകയായിരുന്നു. നബി(സ) അകത്തേക്കു കയറി. ഹദ്റത്ത് ഫാത്വിമയുടെ ഏങ്ങലടിച്ചുള്ള കരച്ചിൽ കണ്ടപ്പോൾ വിഷമം ഉള്ളിലൊതുക്കിക്കൊണ്ടു പറഞ്ഞു: 'മോളേ! നീ എന്തിനാണു കരയുന്നത്? അറിവിലും മഹത്വത്തിലും ശ്രേഷ്ഠനും കുട്ടികളിൽവച്ച് ഇസ്‌ലാം സ്വീകരിച്ചവരിൽ ഒന്നാമനുമായിട്ടുള്ള ഒരാൾക്കാണ് ഞാൻ നിന്നെ വിവാഹം കഴിച്ചു കൊടുത്തിട്ടുള്ളത്.' അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയെ(റ) ഉമ്മു അയ്മനോടൊപ്പം ഹദ്റത്ത് അലിയുടെ വീട്ടിൽ പറഞ്ഞു വിട്ടു. ഹദ്റത്ത് ഫാത്വിമ ഒട്ടകപ്പുറത്ത് യാത്രയായി. വിട പറയുമ്പോൾ ഹദ്റത്ത് അലിയോടു നബി(സ) പറഞ്ഞു: 'അലീ! എന്നെ കാത്തിരിക്കണം.' കുറച്ചു കഴിഞ്ഞ് നബി(സ) അലിയുടെ വീട്ടിലെത്തി. വാതിൽക്കൽചെന്ന് അകത്തു കടക്കാൻ നബി(സ) അനുവാദം ചോദിച്ചു. ഉമ്മുഅയ്മനാണ് വാതിൽ തുറന്നത്. നബി(സ)ചോദിച്ചു, 'എന്റെ സഹോദരൻ ഇവിടെയുണ്ടോ?' ഉമ്മു അയ്മൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അലി എങ്ങനെയാണ് അങ്ങയുടെ സഹോദരനാകുന്നത്? അങ്ങ് അങ്ങയുടെ മകളെ അദ്ദേഹത്തിനു വിവാഹം കഴിച്ചു കൊടുത്തിരിക്കുകയാണല്ലോ? 'അതു കേട്ടപ്പോൾ നബി(സ) പറഞ്ഞു, 'അതേ,അത് അങ്ങനെത്തന്നെയാണ്.' (ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ മൂത്താപ്പ അബൂത്വാലിബിന്റെ മകനായിരുന്നു). തുടർന്ന് നബി(സ) ചോദിച്ചു: 'അസ്മാഅ് ബിൻത് ഉമയ്സും ഇവിടെ ഉണ്ടോ?' ഉമ്മുഅയ്മൻ പറഞ്ഞു: 'ഇവിടെയുണ്ട്.' അവർ പറഞ്ഞു, 'ഞാനും ഇപ്പോൾ അല്ലാഹുവിന്റെ റസൂൽ ഫാത്വിമയെ ആശിർവദിക്കാൻ വന്നിരിക്കുകയാണ്.' പിന്നീടു നബി(സ) അകത്തുകയറി. ഉമ്മു അയ്മന് നന്മകൾ നേർന്നുകൊണ്ട് കുറച്ചു വെള്ളം കൊണ്ടുവരാൻ പറഞ്ഞു. നബി(സ) വെള്ളം വാങ്ങി അലിയേയും ഫാത്വിമയേയും വിളിച്ചു. ഹദ്റത്ത് ഫാത്വിമ അങ്ങേയറ്റം നാണത്തോടുകൂടി അലിയോടൊപ്പം വന്നു. നബി(സ) ആ വെള്ളം രണ്ടുപേരുടേയും തോളുകളിലും നെഞ്ചത്തും തളിച്ചു. എന്നിട്ട് ഇങ്ങനെ ദുആ ചെയ്തു: '*അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് അലയ്ഹിമാ വ ബാരിക് ലഹുമാ ഫീ നസ്‌ലിഹിമാ* അല്ലാഹുവേ! ഇവർ രണ്ടുപേരേയും നീ അനുഗ്രഹിക്കേണമേ. രണ്ടുപേരിലും നീ അനുഗ്രഹം ചൊരിയേണമേ. രണ്ടുപേരുടെ മക്കളേയും നീ അനുഗ്രഹിക്കേണമേ.' തുടർന്നു പറഞ്ഞു: 'ഫാത്വിമാ! നമ്മുടെ കുടുംബത്തിൽ ഏറ്റവും സൽസ്വഭാവവും ഉടർന്ന മനസ്സുമുള്ള വ്യക്തിയുമായിട്ടാണ് ഞാൻ നിന്റെ നിക്കാഹ് നടത്തിയിട്ടുള്ളത്.'

പിന്നീടൊരിക്കൽ നബി(സ), ഹദ്റത്ത് ഫാത്വിമായുടെ വീട്ടിൽ വന്നു. ഹദ്റത്ത് അലിയെ വലതുഭാഗത്തും ഹദ്റത്ത് ഫാത്വിമയെ ഇടതു ഭാഗത്തും ഇരുത്തി, ഭാര്യാഭർത്താക്കന്മാരുടെ കടമകളെക്കുറിച്ചും പരസ്പരമുള്ള അവകാശങ്ങളെക്കുറിച്ചും രണ്ടുപേരേയും ഉപദേശിച്ചു.

**ഹദ്റത്ത് ഫാത്വിമായുടെ വീട്**: നിക്കാഹിനു മുമ്പേവരെ ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ കൂടെത്തന്നെയായിരുന്നു താമസിച്ചിരുന്നത്. വിവാഹശേഷം അവർക്കു വേറെ വീട് വേണ്ടി വന്നു. അങ്ങനെ ഹദ്ത്ത് അലി(റ) ഒരു വീടു വാങ്ങി. അത് നബി(സ)യുടെ വീട്ടിൽ നിന്ന് കുറച്ച് അകലത്തായിരുന്നു. ഹദ്റത്ത് ഫാത്വിമ അടുത്ത് താമസിച്ചിരുന്നെങ്കിലെന്ന് നബി(സ) ആശിച്ചു. സംസാരത്തിന്നിടയിൽ ഇക്കാര്യം നബി(സ) ഒരിക്കൽ പറയുകയും ചെയ്തു. അക്കാര്യം ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനോടു പറയാൻ ഹദ്റത്ത് ഫാത്വിമ പറഞ്ഞു. ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ അൻസ്വാരിക്ക് ധാരാളം വീടുകളുണ്ടായിരുന്നു. അവയിൽ പലതും മുമ്പേ നബി(സ)തിരുമേനിക്ക് കാഴ്ച വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ ഇക്കാര്യം അറിഞ്ഞപ്പോൾ സന്തോഷത്തോടെ നബിയുടെ അടുത്തു വന്നു. തന്റെ സ്വന്തം വീട് ഹദ്റത്ത് ഫാത്വിമയ്ക്കു താമസിക്കാൻ വിട്ടുകൊടുക്കുകയും ചെയ്തു. അങ്ങനെ ഫാത്വിമ, നബി(സ)തിരുമേനിയുടെ സമീപത്ത് എത്തിച്ചേർന്നു.ആ സന്ദർഭത്തിൽ നബി(സ) ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനുവേണ്ടി ദുആ ചെയ്തു: 'അല്ലാഹു താങ്കളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.'

**വിവാഹസമ്മാനം**: ഹദ്റത്ത് ഫാത്വിമയ്ക്ക്(റ), നബി(സ) തിരുമേനി വിവാഹാവസരത്തിൽ സമ്മാനമായിട്ടു നല്കിയ വസ്തുക്കളുടെ വിവരണം ഇപ്രകാരമാണ്. ഒരു നമസ്കാരപ്പടം, വിശുദ്ധ ഖുർആനിന്റെ ചില സൂറത്തുകൾ, മുളകൊണ്ടുള്ള കട്ടിൽ, ഈത്തപ്പനയോല നിറച്ച തുകലിന്റെ ഒരു കിടക്ക, ഒന്നോരണ്ടോ മണ്ണിന്റെ കോപ്പ, ഒരു തോൾസഞ്ചി, രണ്ട് മൺകുടം, ധാന്യങ്ങൾ പൊടിക്കാനുള്ള രണ്ടു ആട്ടു കല്ല്. ഇതായിരുന്നു ഇരുലോകത്തിന്റേയും രാജാവായ നബി(സ) തന്റെ ഓമനപുത്രി ഹദ്റത്ത് ഫാത്വിമയ്ക്കു നല്കിയ വിവാഹസമ്മാനം. ഹദ്റത്ത് അലി(റ) പറയുന്നു: ഫാത്വിമയുമായി എന്റെ വിവാഹം കഴിഞ്ഞപ്പോൾ എന്റെ അടുക്കൽ കിടക്കപോലും ഉണ്ടായിരുന്നില്ല. തുകലിന്റെ ഒരു വിരിപ്പുണ്ടായിരുന്നു. അതു വിരിച്ച് രാത്രിയിൽ കിടക്കും. പകൽ അതു വെള്ളം കോരാനും ഉപയോഗിക്കും. വിവാഹശേഷവും ഹദ്റത്ത് ഫാത്വിമയുടെ ജീവിതം അങ്ങേയറ്റം ലളിതമായിരുന്നു. ഭൗതികമായ സുഖമോ സൗഖ്യമോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ, ഫാത്വിമയുടെ മൂത്ത മൂന്നു സഹോദരിമാരും സന്തോഷത്തിലും നല്ല നിലയിലുമായിരുന്നു.

**സ്നേഹം**: നബി(സ)തിരുമേനിക്ക് തന്റെ മകൾ ഫാത്വിമയോടു അതിയായ സ്നേഹം ഉണ്ടായിരുന്നു. അതുപോലെ തന്നെയായിരുന്നു ഫാത്വിമയ്ക്ക് തന്റെ പിതാവിനോ


**ത്വാലിബെ ദുആ**

**തക്ക സമയത്ത് ആകാശത്തു നിന്നിറങ്ങിയ ജലമാണ് ഞാൻ. പകലിനെ പ്രകാശവത്താക്കിത്തീർത്ത ദിവ്യമായ പ്രകാശമാകുന്നു ഞാൻ." (ബറാഹീനെ അഹ്മദിയ്യ)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732**


**• കലാമുൽ ഇമാം: •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

**(മൽഫൂദാത്ത് വാല്യം 1, പേജ് 64)**


**ത്വാലിബെ ദുആ: T.A. SUDHEER AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840**

ടും. തന്റെ കരളിന്റെ കഷണത്തെ കുറിച്ച് നബി(സ) തിരുമേനി പറഞ്ഞു: 'ഫാത്വിമ എന്റെ കണ്ണിന്റെ കുളിർയാണ്. അല്ലാഹുവേ! നീ അവളെ ഋജുമാനസയാക്കി വെക്കേണമേ.' മറ്റൊരിക്കൽ പറഞ്ഞു: 'ഫാത്വിമ, അവളെന്റെ കരളിന്റെ കഷണമാണ്. അവളെ വേദനിപ്പിക്കുന്നവർ എന്നെയാണ് വേദനിപ്പിക്കുന്നത്. അവളെ സ്നേഹിക്കുന്നവർ എന്നെയാണ് സ്നേഹിക്കുന്നത്.'

നബി(സ) മദീനയിൽനിന്ന് വെളിയിൽ പോകുമ്പോഴെല്ലാം ഫാത്വിമയെ കണ്ടിട്ടേ പോകാറുള്ളു. അതുപോലെ തന്നെയായിരുന്നു തിരിച്ചു വരുമ്പോഴും. ഹദ്റത്ത് ഫാത്വിമ(റ), നബി(സ)യുടെ അടുക്കൽ വരുമ്പോഴെല്ലാം സ്നേഹത്തോടെ ആ മഹാത്മാവ് എഴുന്നേറ്റു നില്ക്കുകയും മുത്തം കൊടുക്കുകയും താനിരുന്ന സ്ഥലത്ത് ഇരുത്തുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് ഫാത്വിമക്കും നബി(സ)തിരുമേനിയോടു അതിരറ്റ സനേഹമായിരുന്നു. കഅ്ബഃദേവാലയത്തിൽ നബി(സ) നമസ്കരിക്കുമ്പോൾ അന്യാരാധകർ ആ മഹാത്മാവിന്റെ പിരടിയിൽ ഒട്ടകത്തിന്റെ കുടൽ വലിച്ചുകൊണ്ടിട്ടിരുന്നു. ആ വാർത്ത കേട്ടുടനെ കുട്ടിയായിരുന്ന ഫാത്വിമ അങ്ങേയറ്റം വിഷമത്തോടെ ഓടിയെത്തി, ആ കുടൽ തള്ളി താഴെയിട്ടു. ഇപ്രകാരംതന്നെ ഉഹുദു യുദ്ധാവസരത്തിൽ നബി(സ)തിരുമേനിക്ക് ഗുരുതരമായ പരിക്കുപറ്റി. ഫാത്വിമയുടെ വിവാഹം കഴിഞ്ഞിട്ട് അപ്പോൾ അധികമായിരുന്നില്ല. മദീനയിൽ ആ വാർത്ത എത്തിയപ്പോൾ ഫാത്വിമ ഇരുന്നിടത്തുനിന്ന് എഴുന്നേറ്റ് അസ്വസ്ഥതയോടെ ഉഹുദു മൈതാനത്തു ഓടിയെത്തി. നബി(സ) അപ്പോൾ അബോധാവസ്ഥയിലായിരുന്നു. ഹദ്റത്ത് ഫാത്വിമ(റ) മുറിവുകൾ കഴുകി വൃത്തിയാക്കി. ചാക്ക് കത്തിച്ച് അതിന്റെ ചാരം മുറിവിൽവച്ചു കെട്ടി. ആ സമയം നബി(സ)തിരുമേനിയുടെ കണ്ണിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുകയായിരുന്നു. ഇത്രയധികം സ്നേഹം നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഫാത്വിമയോടു ഉണ്ടായിട്ടും ആ മഹാത്മാവിന്റെ നീതി എങ്ങനെയായിരുന്നുവെന്നു നോക്കുക. ഒരിക്കൽ മഖ്ദൂം ഗോത്രത്തിലെ ഒരു സ്ത്രി മോഷണം നടത്തി. ഇസ്ലാമിക നിയമപ്രകാരം അവളുടെ കൈവെട്ടാൻ വിധിയായി. അവരുടെ ശിക്ഷ ഇളവു ചെയ്യാൻ ചിലർ ശിപാർശ ചെയ്തു. ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു: 'അല്ലാഹുവിന്റ ശിക്ഷാവിധി നടപ്പാക്കുന്നതിൽ, അല്ലാഹവാണ! എന്റെ മകൾ ഫാത്വിമ തന്നെയും ശിക്ഷയ്ക്കു വിധിക്കപ്പെട്ടാൽ ഞാൻ അവൾക്കും മാപ്പു കൊടുക്കുകയില്ല. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണ്.'

ഒരിക്കൽ ഹദ്റത്ത് അലി(റ) നബി(സ)തിരുമേനിയോടു ചോദിച്ചു: 'ഞങ്ങൾ രണ്ടു പേരിൽ അങ്ങയ്ക്കു കൂടുതൽ ഇഷ്ടം ആരോടാണ്? എന്നോടോ അതോ ഫാത്വിമയോടോ?' ഹദ്റത്ത് അലി(റ) ഈ ചോദ്യം ചോദിച്ചത് പ്രവാചകത്വ പദവിയോടുള്ള അഭിമാനം കൊണ്ടായിരുന്നു. നബി(സ) പറഞ്ഞു: 'ഫാത്വിമ നിന്നെക്കാൾ എനിക്കു സ്നേഹമുള്ളവളാണ്. നീ അവളെക്കാൾ എനിക്കു പ്രിയപ്പെട്ടവനും.'

മറ്റൊരു നിവേദനം ഇങ്ങനേയുമുണ്ട്: നബി(സ)തിരുമേനി ഒരിക്കൽ പറഞ്ഞു, 'എനിക്കു ഫാത്വിമ കൂടുതൽ പ്രിയപ്പെട്ടവളാണ്; പിന്നീട് അലിയും.' നബി(സ)തിരുമേനിക്ക് അവരുടെ മക്കളായ ഹദ്റത്ത് ഹസനോടും ഹദ്റത്ത് ഹുസയ്നോടും വളരെ സ്നേഹമുണ്ടായിരുന്നു. ഇതിനെക്കുറിച്ചുള്ള വിശദീകരണം 'ഫാത്വിമയുടെ മക്കൾ' എന്ന ശീർഷകത്തിൽ വരുന്നുണ്ട്.

**വിവാഹശേഷമുള്ള ജീവിതം**: ഹദ്റത്ത് ഫാത്വിമ(റ) പരിശുദ്ധയും അധികമധികമായി ആരാധനാകർമങ്ങൾ നിർവഹിക്കുന്നവരും അങ്ങേയറ്റം ദയാലുവുമായിരുന്നു. ദരിദ്രരെ സഹായിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. സ്വയം പട്ടിണിയിലായിട്ടുകൂടി ഭിക്ഷക്കാർ ആരെങ്കിലും വീട്ടുപടിക്കൽ വന്നാൽ വെറുംകൈയോടെ മടക്കുമായിരുന്നില്ല. ഹൃദയംങ്ഗമമായ നിലയിൽ ഭർത്താവിനെ അനുസരിച്ചിരുന്നു. സന്തോഷത്തോടെ ഭർത്താവിനെ സേവിച്ചിരുന്നു. ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുകയും ക്ഷമയോടെ ലളിതമായ ജീവിതം നയിക്കുകയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തയുമായിരുന്നു. പരാതിയുടെ ഒരക്ഷരംപോലും നാവിൽ കൊണ്ടുവരുമായിരുന്നില്ല. പദ്യങ്ങൾ രചിക്കാറുണ്ടായിരുന്നു. നബി(സ)യുടെ വേർപാടിൽ വിലാപഗാനം രചിച്ചിരുന്നു. ഹദ്റത്ത് ഫാത്വിമ(റ) നാണത്തിന്റേയും ലജ്ജയുടേയും പ്രതിരൂപമായിരുന്നു. തന്റെ ജനാസയുടെമേൽ പൂർണമായും പർദ പാലിക്കണമെന്ന് ഹദ്റത്ത് ഫാത്വിമ(റ) വസ്വിയ്യത്തു ചെയ്തിരുന്നു. ഹദ്റത്ത് ഫാത്വിമായുടെ സൽപെരുമാറ്റവും സവിശേഷഗുണങ്ങളും സൗശീലങ്ങളും കണ്ട് അല്ലാഹു പുണ്യവതികളായി പ്രഖ്യാപിച്ചവരുടെ പട്ടികയിൽ ഫാത്വിമയേയും നബി(സ)തിരുമേനി ഉൾപ്പെടുത്തിയിരുന്നു. ഹദീഥിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'ലോകത്ത് പിന്തുടരാൻ പറ്റിയ സ്ത്രീകളിൽ നിങ്ങൾക്കു മതിയായവരാണ് മർയമും ഖദീജയും ആസിയയും ഫാത്വിമയും.'(റദിയല്ലാഹു അൻഹും). ഹദ്റത്ത് ഫാത്വിമ(റ) എല്ലാ പ്രവർത്തിയിലും അല്ലാഹുവിന്റെ തൃപ്തിയെ മുന്തിച്ചിരുന്നു. അതിരറ്റ ക്ഷമയും സഹനവും ഫാത്വിമയിൽ പ്രകടമായിരുന്നു. സൗശീലയുമായിരുന്നു.

ഭക്ഷണം കഴിക്കുന്നതിനുമുമ്പേ അയൽപക്കത്ത് തീ പുകഞ്ഞിട്ടുണ്ടോ എന്ന് തീർച്ചയായും നോക്കിയിരുന്നു. അവിടെ ഒന്നും വെച്ചിട്ടില്ലെങ്കിൽ തന്റെ വീട്ടിൽനിന്ന് കൊടുത്തു വിടുമായിരുന്നു. എല്ലാവരേയും സഹായിച്ചു. സ്വന്തം ബന്ധുമിത്രാദികളോടുള്ള പെരുമാറ്റം പറയേണ്ടതില്ലല്ലോ? അന്യരോടു എന്നല്ല ശത്രുക്കളോടുപോലും നല്ല നിലയിൽ പെരുമാറി.

ഹദ്റത്ത് അലി(റ) മുസ്ലിമായതിനുശേഷം യഹൂദി അയൽവാസിയായ ശംഓൻ, ഒരുപാട് ദ്രോഹിച്ചുകൊണ്ടിരുന്നു. അയാളുടെ ഭാര്യ മരണപ്പെട്ടപ്പോൾ അയാളോട് എന്തെങ്കിലും ചോദിക്കാൻ പോലും ആരുമുണ്ടായില്ല. അയാളുടേയും ഭാര്യയുടേയും എതിർപ്പുകളെല്ലാം മറന്ന് രാത്രിനേരത്ത് ചാദുർ പുതച്ച് ഹദ്റത്ത് ഫാത്വിമ(റ) അവരുടെ വീട്ടിൽ പോകുകയും ആ സ്ത്രീയുടെ മയ്യിത്ത് കുളിപ്പിച്ച് വീട്ടിൽ തിരിച്ചു വരികയും ചെയ്തു. അശരണരെ സഹായിച്ചു. ഒരിക്കൽ ഒരു നവമുസ്ലിം വിശന്നു വലഞ്ഞു വീട്ടിൽവന്നു. വീട്ടിൽ ധാന്യമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കൂടെ ഹദ്റത്ത് സൽമാനുൽഫാരിസിയും(റ) ഉണ്ടായിരുന്നു. ഹദ്റത്ത് ഫാത്വിമ(റ) തന്റെ പുതപ്പു പണയം വെച്ചിട്ട് ധാന്യം വാങ്ങി വരാൻ പറഞ്ഞു. അങ്ങനെ ധാന്യം കടം കിട്ടിയപ്പോൾ പൊടിച്ച് റൊട്ടി ഉണ്ടാക്കി. ഹദ്റത്ത് ഹസനും ഹുസയ്നും(റ) കുറച്ച് എടുത്തുവയ്ക്കാൻ ഹദ്റത്ത് സൽമാനുൽ ഫാരിസി(റ) ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)പറഞ്ഞു: 'അവരെ ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഇതിൽനിന്ന് എടുത്തുവെക്കുന്നത് ശരിയല്ല.' ഒരു യഹൂദിയുടെ കൈയിൽ പുതപ്പ് പണയം വെച്ചിട്ടാണ് ഹദ്റത്ത് സൽമാനുൽഫാരിസി(റ) ധാന്യം വാങ്ങി വന്നത്. അയാൾ ഇതറിഞ്ഞപ്പോൾ മുസ്ലിമായി. നിവേദനം ഇങ്ങനെയാണ്. ഒരു നവമുസ്ലിമിനു വേണ്ടിയാണല്ലോ ഹദ്റത്ത് ഫാത്വിമ(റ) ഇത്രയേറെ ബുദ്ധിമുട്ട് സഹിച്ചത്. അയാൾ അല്പം മുമ്പേ നബി(സ)തിരുമേനിയോട് അപമര്യാദയോടെ പെരുമാറിയിട്ടാണ് അവിടെ വന്നത്. അയാളുടെ പെരുമാറ്റം അങ്ങനെയായിരുന്നിട്ടും നബി(സ) അയാളോടു പ്രതികരിച്ചത് നല്ല രീതിയിലായിരുന്നു. അത് അയാളെ വല്ലാതെ സ്വാധീനിക്കുകയും പെട്ടെന്ന് അയാൾ ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. ആ മനുഷ്യൻ അങ്ങേയറ്റം ദരിദ്രനായിരുന്നു. ആ സമയത്ത് അസഹ്യമായ വിശപ്പും അയാൾക്കുണ്ടായിരുന്നു. ഈ സംഭവം നടക്കുമ്പോൾ ഹദ്റത്ത് സൽമാനുൽഫാരിസി(റ) അടുത്തുണ്ടായിരുന്നു. അങ്ങനെ അയാളേയുംകൂട്ടി അവിടെ നിന്നിറങ്ങിയതാണ്. വഴിയിലായിരുന്നു ഹദ്റത്ത് ഫാത്വിമയുടെ(റ) വീട്. അതു കണ്ടപ്പോൾ അവിടെയൊന്ന് കയറിയതാണ്. അങ്ങനെയാണ് മുകളിൽ പറഞ്ഞ സംഭവങ്ങളെല്ലാം നടക്കുന്നത്. ഇതെല്ലാം പിന്നീട് ഹദ്റത്ത് സൽമാനുൽഫാരിസി(റ), നബി(സ)തിരുമേനിയോടു പറഞ്ഞു. നബി(സ) തന്റെ കരളിന്റെ കഷണമായ ഫാത്വിമ(റ)യുടെ വീട്ടിൽ വന്നു. കൈയുയർത്തി ദുആ ചെയ്തു: 'ഇലാഹീ, ഫാത്വിമ നിന്റെ ദാസിയാണ്. അവളെ നീ ഇഷ്ടപ്പെട്ടാലും.'

(തുടരും)

(പേജ് 1ൽനിന്ന്)

എന്നത് അവന് നിർബന്ധമാണ്; ആതിഥ്യത്തിന്റെ അവകാശം നിരവേറ്റപ്പെടുന്നതിനുവേണ്ടി. യാത്രക്കാരന്റെ അവകാശത്തെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞു, നിങ്ങൾ ഏതെങ്കിലും നാട്ടിൽ പോകുകയാണെങ്കിൽ മൂന്നുദിവസംവരെ ആതിഥ്യം നിങ്ങളുടെ അവകാശമാണ്. സ്വഹാബത്ത് ചോദിച്ചു: യാ റസൂലല്ലാഹ്! നാട്ടുകാർ തരുന്നില്ലെങ്കിൽ? അവിടന്ന് പറഞ്ഞു: തട്ടിപ്പറിച്ചും എടുക്കാവുന്നതാണ്.(അബൂദാവൂദ്, വാള്യം 3, കിതാബുൽ അത്വ്അമ, ബാബു മാ ജാഅ ഫില്ലിയാഫത്തി). ഇസ്ലാമിക സംസ്കാരം നിലനിന്നുവരുന്ന കാലത്തേക്കുള്ളതാണ് ഈ കൽപന. എന്തുകൊണ്ടെന്നാൽ അക്കാലത്ത് മറ്റുള്ളവർക്ക് അതിൽനിന്ന് ആതിഥ്യത്തിന്റെ അവകാശം പറ്റാൻ സാധിക്കും. ഈ കൽപന ലോകത്ത് നടപ്പിൽ വരുത്തുകയാണെങ്കിൽ ഹോട്ടലുകളും സത്രങ്ങളും മുഖേന ഉണ്ടാകുന്ന ധാരാളം ദോഷങ്ങൾ ലോകത്തുനിന്ന് അകലുന്നതാണ്. ദരിദ്രർക്കും ഉന്നത ശിക്ഷണത്തിന്റെ മാർഗമായ ലോകയാത്ര എളുപ്പമാകുന്നതാണ്. എന്നാൽ, ഖേദകരമെന്നു പറയട്ടെ മുസ്ലിമീങ്ങൾത്തന്നെ ഈ കല്പന മനസ്സിൽനിന്ന് വിട്ടുകളഞ്ഞിരിക്കുന്നു.

യാത്രക്കാരോടു നല്ല രീതിയിൽ പെരുമാറുക എന്ന ഈ പൊതുകൽപന ലോകത്തുനിന്ന് ധാരാളം കുഴപ്പങ്ങൾ വിപാടനം ചെയ്യുന്നതിന് നിമിത്തമാണ്. കാരണം കലഹവും വഴക്കും വെറുപ്പുകൊണ്ടാണുണ്ടാകുന്നത്. ഇപ്രകാരമുള്ള അതിഥിസൽക്കാരത്തിന്റെ സമ്പ്രദായമുണ്ടായാൽ വെറുപ്പ് അകലുകയും ഗ്രാമങ്ങളിലേയും രാജ്യങ്ങളിലേയും കലഹങ്ങൾ ഇല്ലാതുകുകയും ചെയ്യും. മറ്റു രാജ്യങ്ങളിലെ അതിഥിസൽക്കാരങ്ങളിൽനിന്നു ഫലമെടുത്തു കഴിഞ്ഞിട്ടുള്ളവർ ഒരിക്കലും പെട്ടെന്ന് അവർക്കെതിരിൽ യുദ്ധം ചെയ്യാൻ മുതിരുകയില്ല; ദുഷ്ടാത്മാക്കളൊഴികെ. അവരാണെങ്കിൽ കുറഞ്ഞവരാണുതാനും. അപ്രകാരംതന്നെ ഈ കൽപനയാൽ ഗ്രാമങ്ങളുടേയും കസബകളുടേയും വ്യവസ്ഥിതിക്ക് അടിത്തറ പതിയുന്നു. കാരണം അതിഥിസൽക്കാരം മുഴുവൻ ഗ്രാമവാസികളുടേയുംമേൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ കൽപന നിറവേറ്റുന്നതിന് എല്ലാ ഗ്രാമവാസികളും ഒരു വ്യവസ്ഥിതി പാലിക്കാൻ നിർബന്ധിതരാകുകയും അതനുസരിച്ച് അതിഥികൾക്ക് സേവനം ചെയ്യാൻ ഗ്രാമം മുഴുവൻ സന്നദ്ധരാകുകയും ചെയ്യും. ഈ വ്യവസ്ഥിതി അവരുടെ മറ്റുജോലികളിലും ഗുണപ്രദമായിത്തീരും.

ലാ തുബദ്ദിർ പിന്നീടു പറഞ്ഞു: ഉപര്യുക്ത കൽപനകളിൽ എത്ര ചെലവഴിക്കണമെന്നാണോ ഉപദേശിക്കപ്പെട്ടിട്ടുള്ളത് അതിന്റെ ഉദ്ദേശ്യം ധനത്തെ ധൂർത്തടിച്ചുകളയുകയെന്നാണെന്ന് മനസ്സിലാക്കരുത്. നാം അത് ചെലവഴിക്കാനാണ് കൽപിച്ചത്. അത് നിർബന്ധമാണ്. നിഷ്ഫലമായി ധനം നശിപ്പിക്കാനുള്ള കൽപനയല്ല.(തഫ്സീറെ കബീർ, വാള്യം 4, പേജ് 323, പ്രസാധനം 2010 ഖാദിയാൻ)

(പേജ് 8ൽനിന്ന്)

വുടേയും ആവശ്യമില്ല. ഞങ്ങൾ നബി(സ)തിരുമേനിയുടെ ഫത്വയെ പിൻപറ്റുന്നതാണ്.

അതേ സുഹൃത്ത് വീണ്ടും പറഞ്ഞു: നബി(സ) തിരുമേനി *അസ്ഹാബീ കന്നുജൂമി ഫബി അയ്യിഹിമുഖ്ത്തദയ്ത്തും ഇഹ്ത്തദയ്ത്തും* അതായത് എന്റെ സ്വഹാബ നക്ഷത്രങ്ങളെ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിൻപറ്റിയാലും സന്മാർഗം പ്രാപിക്കുന്നതാണ്. അങ്ങനെ വരുമ്പോൾ സ്വഹാബത്തിനെ ചീത്ത പറയുന്നവരും കാഫിറല്ലേ?

ഹുദൂർ പറഞ്ഞു: ആരെയാണോ കാഫിർ എന്ന് പറഞ്ഞത് അവരെ കാഫിറല്ലെന്ന് പറയാൻ ഞാനാരാണ്?

ഇവർ ഫിത്നയും ഫസാദും പരത്തുന്ന ആളുകളാണ്. അവർ ഹദ്റത്ത് ഉഥ്മാനെ ശഹീദാക്കി. ഈ വഞ്ചന കാണിച്ചവരെല്ലാം അവരുടെപര്യവസാനം കണ്ടു. അവരെക്കുറിച്ച് നബി(സ)തിരുമേനിയുടെ ഫത്വയെന്താണോ അതുതന്നെയാണ് എന്റേയും ഫത്വാ. ഞാൻ നബി(സ)തിരുമേനിയിൽ വിശ്വസിക്കുന്നു, അവിടത്തെ ഫത്വയിൽ നിലകൊള്ളുകയും ചെയ്യുന്നു. (തുടരും)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 1 June 2023 Issue-22

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

# ലജ്ന ഇമാഇല്ലാഹ് കേരള സംസ്ഥാന ദ്വിദിന ഇജ്തിമാഅ് 2023 വിജയകരമായി സമാപിച്ചു.

ശതവാർഷിക നിറവിൽ നിൽക്കുന്ന ആഗോള ലജ്ന ഇമാഇല്ലായുടെ കേരള സംസ്ഥാന ഇജ്തിമാഅ്(വാർഷിക സമ്മേളനം) 2023 മെയ് 13,14 തിയതികളിൽ കണ്ണൂരിലെ ഇ.കെ.നായനാർ അക്കാഡമിയിൽ സംഘടിപ്പിക്കുകയുണ്ടായി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മഹിളാ സംഘടനയായ ലജ്ന ഇമാഇല്ലാഹ് 1922-ൽ പഞ്ചാബിലെ ഖാദിയാനിലാണ് സ്ഥാപിതമായത്. 1945-ൽ സ്ഥാപിതമായ കേരള ലജ്ന ഇമായില്ലാഹ് 77 വർഷം പിന്നിട്ടിരിക്കുകയാണ്. കേരളക്കരയിൽ വാഗ്ദത്ത മസീഹിന്റെ ശബ്ദം ആദ്യമായെത്തിയ കണ്ണൂരിലാണ് ലജ്നാ ഇമായില്ലായും ആദ്യമായി സ്ഥാപിതമായത്. അതുകൊണ്ടു തന്നെ ആഗോള ലജ്നാ ഇമാഇല്ലായുടെ ശതാബ്ദിയോടനുബന്ധിച്ചുള്ള കേരള സംസ്ഥാന ഇജ്തിമയ്ക്ക് കണ്ണൂർതന്നെ വേദിയാകുകയായിരുന്നു.

**ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി ശ്രീമതി ആർ. ബിന്ദു ഇജ്തിമയോട് അനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ സംസാരിച്ചു.**

മെയ് 13-ന് രാവിലെ ലജ്ന ഇമാഇല്ലായുടെ പതാക ഉയർത്തിക്കൊണ്ടാണ് രണ്ടു ദിവസത്തെ ഇജ്തിമയ്ക്ക് തുടക്കമായത്. ലജ്ന ഇമാഇല്ലാഹ് അഖിലേന്ത്യാ സ്വദ്ർ (പ്രസിഡന്റ്) ബുശ്റാ പാഷാ സാഹിബയാണ് പതാക ഉയർത്തിയത്. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനം കോഴിക്കോട് ജില്ലാ സ്വദ്ർ സിദ്ദീഖ സയീദ് സാഹിബയുടെ അധ്യക്ഷതയിൽ ബുശ്റാ പാഷാ സാഹിബ ഉദ്ഘാടനം ചെയ്തു. കൊടുവായൂർ മജ്ലിസ്(ഘടകം) അംഗമായ അമത്തുൽ മത്തീൻ സാഹിബയുടെ ഖുർആൻ പാരായണത്തോടെയാണ് പരിപാടി ആരംഭിച്ചത്.

തുടർന്ന് നടന്ന പൊതുസമ്മേളനം അഖിലേന്ത്യാ സ്വദ്ർ ബുശ്റാ പാഷാ സാഹിബയുടെ അധ്യക്ഷതയിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീമതി ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. അക്ഷര വെളിച്ചത്തിലൂടെ സമൂഹത്തെ പ്രബുദ്ധരാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അതിനായി സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യസം നല്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു. സ്ത്രീകൾ മാത്രം സംഘാടനം നിർവഹിക്കുകയും പങ്കെടുക്കുകയും ചെയ്യുന്ന ഈ സമ്മേളനം വളരെയധികം തന്നെ ആകർഷിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പുരുഷന്മാരാരും പങ്കെടുക്കാതെയുള്ള ഇത്തരത്തിലുള്ള ഒരു സമ്മേളനം കാണുന്നതുതന്നെ ആദ്യമാണെന്നും, അതുകൊണ്ടുതന്നെ സ്ത്രീകളുടെ ഉന്നമനത്തിന് ലജ്ന ഇമായില്ലാക്ക് പ്രവർത്തിക്കാനാകുമെന്നും അവർ പറയുകയുണ്ടായി. സമ്മേളനത്തിൽ കേരളത്തിന്റെ മുൻ ആരോഗ്യ സാമൂഹികക്ഷേമ വകുപ്പു മന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി പി.പി.ദിവ്യ, കണ്ണൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ശബീന ടീച്ചർ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. സരള, ആർ.ഡി.ഒ ശ്രീമതി മേഴ്സി, പോലീസ് സബ് ഇൻസ്പെക്ടർ ശ്രീമതി ലീലാമ്മ ഫിലിപ്പ്, പത്രപ്രവർത്തക ശ്രീമതി സുപ്രഭ എസ്. നായർ എന്നിവർ സംസാരിച്ചു. ഇസ്‌ലാം സ്ത്രീ വിദ്യാഭ്യാസത്തിന് നല്കുന്ന പ്രാധാന്യത്തെ കുറിച്ച് ഫമീല മുസഫ്ഫർ സാഹിബ പ്രസംഗിച്ചു.

പൊതുസമ്മേളന വേദിയിൽ ഇജ്തിമയുടെ രണ്ടാം ദിവസം, വിവാഹപ്രായമെത്തിയ പെൺകുട്ടികൾക്കും അവരുടെ മാതാക്കൾക്കുമായി ഒരു കൗൺസലിംഗ് ക്ലാസ്സ് നടന്നു. പഴയങ്ങാടി മജ്ലിസിലെ ഡോ. അമത്തുന്നസ്വീർ സാഹിബയാണ് ക്ലാസ്സെടുത്തത്. പ്രസ്തുത പരിപാടിയിൽ തൃശൂർ- പാലക്കാട് ജില്ലാ സ്വദ്ർ റഹ്നാ കമാൽ സാഹിബ അധ്യക്ഷയായിരുന്നു.

തുടർന്ന് 'അഹ്മദി സ്ത്രീകളുടെ സ്ഥാനവും അവരുടെ ഉത്തരവാദിത്വവും' എന്ന വിഷയത്തെ അധികരിച്ച് കരുനാഗപ്പള്ളി മജ്ലിസിലെ ഷറീൻ റഫീഖ് സാഹിബ ക്ലാസ്സെടുത്തു. ചടങ്ങിൽ മലപ്പുറം ജില്ലാ സ്വദ്ർ ശക്കീല ശരീഫ് സാഹിബ അധ്യക്ഷത വഹിച്ചു.

രണ്ടാം ദിവസം നടന്ന സെമിനാർ കാലിക പ്രസക്തിയുള്ള നിരീശ്വരവാദം എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു. ഈ വിഷയത്തിന്റെ വിവിധ ഭാഗങ്ങൾ അവതരിപ്പിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം വിമൻ സ്റ്റുഡന്റ്സ് അസോസിയേഷൻ (AMWSA) അംഗങ്ങളായ ത്വൂബ ബശീർ സാഹിബ, സബീഹ ശംസ് സാഹിബ, ശമായില സോസൻ സാഹിബ, സാലിഹ സലീം സാഹിബ, ഫായിസ സാഹിബ, സഫിയ സാഹിബ എന്നിവർ സംസാരിച്ചു. റിസ്‌വാന അനസ് സാഹിബയായിരുന്നു മോഡറേറ്റർ.

ഇതിനു പുറമെ ഇജ്തിമയിൽ രണ്ടു ദിവസങ്ങളിലായി വിവിധ വൈജ്ഞാനിക മത്സരങ്ങളും നടന്നു. സമാപന സമ്മേളനത്തിൽ മത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. അനഹ്മദി മുസ്‌ലിമീങ്ങളും അമുസ്‌ലിങ്ങളുമായ നിരവധി സ്ത്രീകൾ പരിപാടി വീക്ഷിക്കാനെത്തിയിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 2500-ൽ അധികം ലജ്ന അംഗങ്ങൾ ഈ ഇജ്തിമയിൽ പങ്കെടുത്തു.

## പത്ര റിപ്പോർട്ടുകൾ

### മുസ്‌ലിം പെൺകുട്ടികൾ ഉയർന്നുവരുന്ന കാഴ്ച അഭിമാനം – ആർ. ബിന്ദു

കണ്ണൂർ: മത്സരപരീക്ഷകളിൽ ഒന്നാമതെത്തിയും സമൂഹത്തിന്റെ വിവിധ മേഖലകളിൽ മികച്ച പ്രകടനം കാഴ്ച വെച്ചും മുസ്‌ലിം പെൺകുട്ടികൾ ഉയർന്നുവരുന്ന കാഴ്ച അഭിമാനമാണെന്ന് മന്ത്രി ആർ.ബിന്ദു പറഞ്ഞു. ലജ്ന ഇമായില്ലാഹ് സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

"സമൂഹത്തിന്റെ പുനർനിർമാണ പ്രക്രിയയിൽ വലിയ പങ്കാണ് സ്ത്രീകൾ വഹിക്കുന്നത്. അതിനെപറ്റി സ്വയം അവബോധം സൃഷ്ടിക്കേണ്ടത് പ്രധാനമാണ്. അതിന് വിദ്യാഭ്യാസം വളരെയധികം പ്രയോജനപ്പെടും." മന്ത്രി പറഞ്ഞു.

പതിനെട്ടു വയസ്സാകുമ്പോഴേക്കും പെൺകുട്ടികളെ കല്യാണം കഴിപ്പിച്ചയക്കുക എന്നിതിനെക്കാൾ അവർ ഇനിയും പഠിക്കട്ടേയെന്ന തീരുമാനമെടുക്കാൻ മുസ്‌ലിം രക്ഷിതാക്കളോട് ആഹ്വാനം ചെയ്യുന്നതായും ബിന്ദു പറഞ്ഞു.

അഖിലേന്ത്യാ അധ്യക്ഷ ബുശ്റാ പാഷാ അധ്യക്ഷത വഹിച്ചു. കെ.കെ.ശൈലജ എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി മേയർ കെ.ശബീന, ബിന്ദു കൃഷ്ണ, ടി.സരള, ഇ.പി.മേഴ്സി, സുപ്രഭ എസ്.നായർ, റാബിയ ശൗക്കത്ത്, ജുവൈരിയ ഗൗഹർ, ഫമീല മുസഫർ തുടങ്ങിയവർ പ്രസംഗിച്ചു.

### ജീവകാരുണ്യപ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ലജ്ന ഇമായില്ലാഹ്

നൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി അഹ് മദിയ്യ മുസ് ലിം സ്ത്രീകളുടെ സംഘടനയായ ലജ്ന ഇമായില്ലാഹ് ജീവകാരുണ്യപ്രവർത്തനങ്ങൾ വ്യാപിപ്പിക്കും. 'ഹ്യൂമാനിറ്റി ഫസ്റ്റ്' എന്ന പേരിൽ വൃദ്ധസദനങ്ങൾ, ബഡ്സ്-സ്പെഷ്യൽ സുകൂളുകൾ, ആസ്പത്രികൾ തുടങ്ങി വിവിധ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചായിരിക്കും പ്രവർത്തനങ്ങൾ.പ്രകൃതിക്ഷോഭ സന്ദർഭങ്ങളിലും ദുരന്തഘട്ടങ്ങളിലും സഹായമെത്തിക്കുകയാണ് ഹ്യൂമാനിറ്റി ഫസ്റ്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് കണ്ണൂർ, കാസർകോട് ജില്ല പ്രസിഡന്റ് ജുവൈരിയ ഗൗഹർ പറഞ്ഞു. കൂടാതെ ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്സുകളും നടത്തും. എല്ലാ മതസ്തരെയും ഒരുപോലെ പരിഗണിച്ചും മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും വിശ്വാസത്തിന് പ്രാധാന്യം നല്കുന്ന ജീവിതം നയിക്കുക എന്നതാണ് മുന്നോട്ടു വെക്കുന്ന ആശയമെന്ന് ആത്മീയ-ഭൗതിക വിദ്യഭ്യാസ മേഖലകൈകാര്യം ചെയ്യുന്ന തഅ്ലീം തർബിയ്യത്ത് സെക്രട്ടറി സി.എച്ച്. നഗീന പറഞ്ഞു. സമ്മേളനത്തിൽ രണ്ടായിരത്തിലധികം സ്ത്രീകൾ പങ്കെടുത്തു.

(മാതൃഭൂമി 2023 മെയ് 14 ഞായറാഴ്ച പേജ് 4)

### ലജ്നാ ഇമായില്ലാഹ് സമ്മേളനം 2000 വനിതകൾ പങ്കെടുക്കും.

കണ്ണൂർ: കണ്ണൂരിൽ 13, 14 തിയതികളിൽ നടക്കുന്ന ലജ്നാ ഇമായില്ലാഹ് സംസ്ഥാന സമ്മേളനത്തിൽ 2000-ത്തോളം വനിതകൾ പങ്കെടുക്കും. സംഘാടനവും നടത്തിപ്പും വനിതകൾ മാത്രമായിരിക്കും. സ്വന്തം നിലയിൽ സമ്മേളനങ്ങൾ നടത്തലും സ്ത്രീകളിൽ ആത്മ വിശ്വാസം വളർത്തലും പെൺകുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കലുമാണ് സംഘടനയുടെ ലക്ഷ്യം.

പൊതുപിരിവോ മറ്റാരുടെയും സഹായമോ ഒന്നുമില്ലാതെ സ്ത്രീകൾ ഒറ്റയ്ക്കാണ് സംസ്ഥാന സമ്മേളനം നടത്തുന്നത്. അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ മഹിളവിഭാഗമാണ് ലജ്ന ഇമായില്ലാഹ്. ഇന്ത്യയിൽ ഇതു രൂപം കൊണ്ടിട്ട 100 വർഷം കഴിഞ്ഞു.

സ്ത്രീകൾക്ക് വിദ്യഭ്യാസം നല്കാതെ ഒരു രാജ്യത്തിനും പുരോഗതിയില്ലെന്നാണ് സംഘടനയുടെ മുദ്രാവാക്യം. പഞ്ചാബിലെ ഖാദിയാനിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി നുസ്‌റത്ത് ഗേൾസ് സ്കൂൾ സ്ഥാപിച്ചുകൊണ്ടായിരുന്നു തുടക്കം.കേരളത്തിൽ 1945-ലാണ് സംഘടന വരുന്നത്. കണ്ണൂരിലായിരുന്നു തുടക്കം.

(മാതൃഭൂമി 2023 മെയ് 9 ചൊവ്വാഴ്ച പേജ് 4)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin